Kandanad

Diocesan
# Bulletin

Vol. 11, No. 1, 15 January 2024

എഡിറ്റോറിയൽ

## വൈദികവൃത്തിയും കക്ഷി രാഷ്ട്രീയവും

**കൊ**റോണയുടെയത്രയും കരുത്തും വേഗതയുമില്ലെങ്കിലും അപായകരമാകാവുന്ന ശക്തിയോടെ ക്രിസ്ത്യൻ സഭകളിലെ-പ്രത്യേകിച്ചും ഓർത്തഡോക്സ് സഭയിലെ വൈദികർക്കിടയിൽ ഒരു വൈറസ് പോലെ കക്ഷി രാഷ്ട്രീയം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണല്ലോ? ഏതാനും മാസങ്ങൾക്കുമുമ്പ് ബി.ജെ.പിക്കാർ ക്രിസ്ത്യൻ പ്രീണന ശ്രമവുമായി മെത്രാന്മാരുടെ അരമനകൾ കയറിയിറങ്ങി, പിതാക്കന്മാരെ ഭക്തിപൂർവ്വം വണങ്ങി, മോഹനസുന്ദര വാഗ്ദാനങ്ങൾ നല്കിയതോടെ തുടങ്ങിയതാണ് ഈ രോഗവ്യാപനം. കേരള മന്ത്രിസഭയുടെ നവകേരള സദസ്സുകൾ സൃഷ്ടിച്ച ഒരു പ്രത്യേക അന്തരീക്ഷം ഈ പ്രവണതക്ക് ശക്തിപകർന്നു. ക്രിസ്ത്യൻ വൈദികരെയും ഇവാഞ്ചലിസ്റ്റുകളെയും ലക്ഷ്യമാക്കി ഈ വൈറസ് ചുറ്റിയടിക്കുകയാണ് ഇപ്പോൾ. ധാർമ്മിക-ആത്മീയ പ്രതിരോധശേഷിയിൽ പ്രായേണ ഏറ്റവും ദുർബ്ബലരായ ഓർത്തഡോക്സ് വൈദികരിലെ ചിലരാണ് സ്വാഭാവികമായും ഇതിന്റെ ആദ്യ ഇരകളായത്.

ഒരേ ഭദ്രാസനത്തിലെ വിരുതന്മാരായ രണ്ട് വൈദികരുടെ രാഷ്ട്രീയബാന്ധവം ഓർത്തഡോക്സ് സഭയിൽ ഒരു പുതിയ വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ്. ദീർഘകാലമായി മാർക്സിസ്റ്റ് പാർട്ടി സഹയാത്രികനും പ്രചാരകനുമായി അറിയപ്പെടുന്ന കോളേജ് അദ്ധ്യാപകനായ ഒരു ഓർത്തഡോക്സ് വൈദികൻ നവകേരള സദസ്സിൽ ചെയ്ത പ്രസംഗം വൈറലായിരിക്കുകയാണ്. റാന്നിക്കാരനായ ഒരു സുഹൃത്ത് ഫോർവേർഡ് ചെയ്തുതന്ന പ്രസ്തുത പ്രസംഗം ഞാൻ ശ്രദ്ധിച്ചു കേട്ടു. സംസ്കാര സമ്പന്നതയും, ക്രൈസ്തവികതയും, സി.പി.എം. ബ്രാൻഡ് ഇടതുപക്ഷത്വവും ഒന്നുതന്നെയാണ് എന്ന് പ്രഖ്യാപിച്ചശേഷം, കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ വ്യക്തി മാഹാത്മ്യത്തെ പ്രകീർത്തിക്കുകയും ചെയ്തു. ഇത്രയും വികാരവായ്പോടെ ഈ അച്ചൻ തന്റെ കർത്താവും രക്ഷിതാവും ദൈവവുമായി ഒരുപക്ഷെ ഏറ്റു പറഞ്ഞിട്ടുള്ള യേശുക്രിസ്തുവിനെപ്പറ്റിപ്പോലും പറഞ്ഞിട്ടുണ്ടാവില്ല എന്നുതോന്നിപ്പോയി അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ. പിന്നീട് തന്റെ ഇടവക മെത്രാപ്പോലീത്തയെ അഭിസംബോധന ചെയ്യാൻ അദ്ദേഹം ഉപയോഗിച്ച വിശേഷണ പദങ്ങൾ അദ്ദേഹത്തിന്റെ നിലവാരത്തെ കൃത്യമായി തുറന്നുകാട്ടുന്നതുമായിരുന്നു.

“കണ്ടൻ തടിക്ക് മുണ്ടൻ തടി” എന്നവണ്ണം മറ്റൊരു ഓർത്തഡോക്സ് വൈദികൻ-അതും ഇതേ ഭദ്രാസന സെക്രട്ടറി-ഏതാനും ആളുകളോടൊപ്പം-സഭയിലെ ഏറ്റവും സീനിയറായ മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ ബി.ജെ.പി.യിൽ അംഗത്വം സ്വീകരിച്ച്, കേന്ദ്രമന്ത്രിയുടെ കൈയ്യിൽ നിന്നുതന്നെ അംഗത്വമെടുത്ത് വിശ്വാസ പ്രഖ്യാപനം നടത്തി. അങ്ങിനെ കപടഇടതുപക്ഷത്തിനു മാത്രമല്ല തീവ്രവലതുപക്ഷ വർഗ്ഗീയതയ്ക്കും ഒരുപോലെ ഭക്ഷ്യയോഗ്യരാണ് ചില ഓർത്തഡോക്സ് വൈദികർ എന്ന് വ്യക്തമാക്കി അവർ.

വൈദികരിൽ അടുത്തകാലത്തായി കണ്ടുവരുന്ന ഈ പ്രവണത നിസ്സാരവത്കരിക്കേണ്ട വിഷയമല്ല. ക്രൈസ്തവ സമൂഹങ്ങളും, പൊതുസമൂഹവും ഗൗരവപൂർവ്വം പരിശോധിക്കേണ്ട പ്രശ്നങ്ങളാണ് ഈ വൈദികർ അവരുടെ ചെയ്തികൾ വഴി പൊതുമണ്ഡലത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇവയിൽ അടിസ്ഥാനപരം എന്ന് ഞാൻ കരുതുന്നത് ഇവയാണ്:

♦ എന്താണ് ക്രിസ്തീയ പൗരോഹിത്യം? പൗരോഹിത്യത്തിന്റെ ആത്മീയതയും, ധാർമ്മികതയും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

എഡിറ്റോറിയൽ — പേജ്

**വൈദികവൃത്തിയും കക്ഷി രാഷ്ട്രീയവും** .................................... 1
ഡോ. എം. പി. മത്തായി

**തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-11** ....... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**Evolution of Indian Aesthetics: From Ancient to Contemporary Art Forms** ........... 6
Ameera Sara Thomas

**തിരുകുടുംബത്തിൽ നീയുമുണ്ട്...** .............. 8
ഫാ. സിബി മാത്യു വർഗീസ്

**കൽക്കൂമ്പാരങ്ങൾക്കടിയിലെ ക്രിസ്തു** ...................................................... 10
റവ. ഡോ. മുന്തർ ഐസാക്

**വേദപുസ്തകം ഒരു പുനർവായന-5........** 14
ജിജി ജോൺസൺ

എന്താണ്? ക്രിസ്ത്യൻ പുരോഹിതരുടെ ദൗത്യവും ചുമതലകളും എന്തെല്ലാം?

- ക്രിസ്ത്യൻ പുരോഹിതർക്ക് നിശ്ചിതമായ ഒരു പെരുമാറ്റച്ചട്ടം-code of conduct-ഉണ്ടോ? അതിലെ വ്യവസ്ഥകൾ എന്തെല്ലാം?
- സെമിനാരി വിദ്യാഭ്യാസത്തിൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

വിശദമായി ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളായതുകൊണ്ട് അത് തത്കാലം മാറ്റി വെച്ചുകൊണ്ട്, ഈ വിവാദവുമായി ബന്ധപ്പെട്ട് വ്യാപകമായി ഉന്നയിക്കപ്പെടുന്ന രണ്ടുചോദ്യങ്ങൾ മാത്രം ചുരുക്കത്തിൽ പരിഗണിക്കാം.

“കക്ഷി രാഷ്ട്രീയവും വൈദികവൃത്തിയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ് അടുത്ത ചോദ്യം. ഇത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ സാധ്യമാണ് എന്നതുകൊണ്ട് എന്റെ സുചിന്തിതമായ നിലപാട് വ്യക്തമാക്കാം:

വൈദികവൃത്തിയും കക്ഷിരാഷ്ട്രീയവും പരസ്പരം പൊരുത്തപ്പെടാത്ത രീതിശാസ്ത്രവും, പ്രവർത്തന രീതികളും പിന്തുടരുന്ന രണ്ട് കർമ്മമണ്ഡലങ്ങളാണ്. അതുകൊണ്ട് കക്ഷി രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും ആ രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്നവർ വൈദികരാവുന്നതും വൈദികർ, വൈദികവൃത്തി അനുഷ്ഠിച്ചുകൊണ്ട് കക്ഷി രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും നീതീകരിക്കാനാവാത്ത അധാർമ്മികതയാണ്.

**ഈ നിലപാടിനെ ഇങ്ങനെ വിശദീകരിക്കാം:**

കക്ഷി രാഷ്ട്രീയം, ഫലത്തിൽ, നിയന്ത്രണത്തിന്റെയും ആധിപത്യത്തിന്റെയും ശാസ്ത്രവും കലയുമാണ്. അതുകൊണ്ട് തന്നെ അതിൽ ധാർമ്മികതയ്ക്ക് നിർണ്ണായകമായ യാതൊരു സ്ഥാനവും പങ്കും നല്കുവാൻ കഴിയില്ല. സമൂഹത്തെ ചേരികളാക്കി വിഭജിച്ച്, പരസ്പരം മത്സരിച്ചും തമ്മിലടിപ്പിച്ചും അപ്പപ്പോൾ നേടുന്ന ഭൂരിപക്ഷാടിസ്ഥാനത്തിൽ മേധാവിത്വം സ്ഥാപിക്കുന്ന ഏർപ്പാടാണ് കക്ഷിരാഷ്ട്രീയം.

ഇതിൽ നിന്ന് തികച്ചും ഭിന്നമാണ് വൈദികവൃത്തി. പ്രത്യേകിച്ചും ക്രൈസ്തവ പൗരോഹിത്യം. എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും, അതുകൊണ്ട് സഹോദരങ്ങളാണെന്നുമുള്ള ഐക്യസന്ദേശം നല്കി, സമൂഹത്തെ ആത്മീയ-ആരാധനാ കൂട്ടായ്മയായി ഒന്നിച്ചുകൂട്ടി, ഈശ്വരോന്മുഖമായി നയിക്കുവാൻ വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യൻ പുരോഹിതർ എന്നാണ് സങ്കല്പം. ഓർത്തഡോക്സ് പാരമ്പര്യത്തിൽ പട്ടത്വം സ്വീകരിക്കുമ്പോൾ വായിക്കുന്ന വേദഭാഗവും അമലോഗിയായും നല്ല ഇടയനെപ്പറ്റി വി. യോഹന്നാന്റെ സുവിശേഷത്തിൽ വിവരിക്കുന്ന ഭാഗമാണെന്ന് ഓർക്കുക (വി. യോഹ. 10:11-18; 20:19-29, 10:1-16).

*ശേഷം 16-ാം പേജിൽ*

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-11

പഴയനിയമ യിസ്രായേലും പുതിയനിയമസഭയും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിനും പുതിയനിയമസഭയുടെ പരിസര-പശ്ചാത്തലം വ്യക്തമാക്കുന്നതിനും ടൈപ്പോളജിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നുണ്ട്. അത് പ്രധാനമായും ആരാധന ക്രമങ്ങളിലാണ്. അതു വിശദീകരിക്കുവാനായി ദേവാലയ കൂദാശയിലെയും കൂദോശ് ഈത്തോ-ഹൂദോസ് ഈത്തോ ഞായറാഴ്ചകളിലെ നമസ്കാരത്തിന്റെ പ്രുമിയോൻ-സെദ്റാകളിലെയും പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. ഇവിടെ സഭയും ദേവാലയവുമെല്ലാം പഴയനിയമ മുൻകുറികളുടെ യാഥാർത്ഥ്യവത്കരണമായി അവതരിപ്പിക്കപ്പെടുന്നു. ശിലാസ്ഥാപന ശുശ്രൂഷയിലെ സെദ്റ ഇപ്രകാരമാണ്:

'നിന്റെ സഭയുടെ സൂചകമായ സമാഗമനകൂടാരത്തിൽ നീ സന്നിഹിതനായി തിരുസഭയുടെ തേജസ്സും പ്രഭയും വെളിപ്പെടുത്തുവാൻ തിരുമനസ്സായി. നിന്റെ ബഹുമതിക്കായി മോശ തിരുനിവാസം രൂപപ്പെടുത്തുകയും മനോഹരമായി അതിനെ അലങ്കരിക്കുകയും ചെയ്തു. അതിനെ സഭയുടെ ദൃഷ്ടാന്തമായി നീ വെളിപ്പെടുത്തി. ദർശകരായ നിബിയന്മാർ സഭയെപ്പറ്റി പ്രവചിച്ചു. പൂർവ്വപിതാവായ നോഹ ജലപ്രളയത്തിൽ നിന്ന് ലഭിച്ച രക്ഷയ്ക്കുള്ള നന്ദി സൂചകമായി ആശ്വാസത്തിന്റെ പരിമള ധൂപം നിനക്കണയ്ക്കുകയും പരിശുദ്ധ ബലിപീഠത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്തു. വിശ്വാസികളുടെ പിതാവായ അബ്രഹാം മോറിയ മലയുടെ ഉയരങ്ങളിലേയ്ക്കു കരേറി തന്റെ ഏകജാതന്റെ ബലിക്കൊരുങ്ങി. ഇതു പുത്രൻ തമ്പുരാന്റെ തിരുബലിയുടെയും സഭയ്ക്കുള്ളിൽ അണയ്ക്കപ്പെടുന്ന സ്തോത്രയാഗത്തിന്റെയും മുൻകുറിയായിത്തീർന്നു. നിന്റെ വാത്സല്യവാനായ യാക്കോബ് ബഥേലിൽ വെച്ച് ശില അഭിഷേകം ചെയ്ത് നേർച്ചകളും വഴിപാടുകളും അതിൽ അർപ്പിച്ചു. തന്മൂലം ഇവിടെ നിനക്കണയ്ക്കുന്നതായ ദൈവിക രഹസ്യങ്ങളെ മുൻകൂട്ടി വെളിപ്പെടുത്തി. ഏലിയാ ദീർഘദർശി കർമ്മേലിൽ യാഗപീഠം നിർമ്മിച്ച് ബലിയൊരുക്കി ദിവ്യ മർമ്മങ്ങളുടെ അനുഷ്ഠാനത്തെ ദൃഷ്ടാന്തീകരിച്ചു. ജ്ഞാനിയായ ശലോമോൻ നിനക്ക് ആലയം പണിത് തിരുസഭയുടെ സൗന്ദര്യവും ശോഭയും വെളിപ്പെടുത്തി. അവിടെ അർപ്പിക്കപ്പെട്ടിരുന്ന ബലികളാൽ നിന്റെ തിരുബലിയുടെയും ഇവിടെ അണയ്ക്കപ്പെടുന്ന സ്തോത്ര യാഗങ്ങളുടെയും സൂചന നൽകി. രാജാവും ദീർഘദർശിയും ആയ ദാവീദ് യബൂസായനായ ആരാമിന്റെ കളത്തറയിൽ വെച്ച് യാഗം അർപ്പിച്ച് ജനത്തിന്മേൽ നിശ്ചയിക്കപ്പെട്ട വസന്തയെ തടഞ്ഞത് തിരുസഭയിൽ അണയ്ക്കപ്പെടുന്ന ദിവ്യബലിയുടെ ദൃഷ്ടാന്തമായി. കർത്താവിന്റെ ഭവനം പർവ്വതശ്റംഗത്തിൽ പണിയപ്പെടും; അതിൽ വിജാതിയർ തടിച്ചു കൂടുകയും ചെയ്യും എന്ന പ്രവചനം തിരുസഭയുടെ രൂപപ്പെടലിൽ യാഥാർത്ഥ്യമായി. സഭയോട് അതിന്റെ കൂടാര കയറുകൾക്ക് നീളം വർദ്ധിപ്പിക്കുക; അതിന്റെ വിരികളെ വിസ്താരപ്പെടുത്തുക എന്ന ദീർഘദർശനം സഭയുടെ സാർവ്വത്രികതയെയും സകലർക്കും അതിൽ ഇടം ലഭ്യമാകുന്നതിനെയും സൂചിപ്പിച്ചു. ബാബേൽ പ്രവാസത്തിനുശേഷം നെഹമ്യ തകർന്നുപോയ ആലയം പുനർ നിർമ്മിച്ച് പുതിയനിയമസഭയുടെ നിർമ്മിതിയെ പ്രവചിച്ചു. ദൈവിക ഗായകനായ ദാവീദ് ബലിപീഠത്തിനരികെ പക്ഷിക്കുഞ്ഞുങ്ങൾ പാർക്കുന്നതിനെക്കുറിച്ച് പാടി സഭയെ പറ്റി ദീർഘദർശനം നൽകി. ഇപ്രകാരം സഭയെപ്പറ്റിയും അതിലെ ദൈവിക ആരാധനയെ പറ്റിയും ഉള്ള ദൈവിക സത്യങ്ങളെ ദൃഷ്ടാന്തങ്ങളും ഉപമാനങ്ങളും ആയി മുൻകൂട്ടി വെളിപ്പെടുത്തിയത് ഞങ്ങൾ സംഭ്രമപൂർവ്വം അനുസ്മരിക്കുന്നു'.

വീണ്ടും ദേവാലയ ശുദ്ധീകരണത്തിന്റെ രണ്ടാം ക്രമത്തിലെ സെദ്റയിൽ ഇപ്രകാരം അവതരിപ്പിക്കുന്നു:

'സഭയുടെ അടിസ്ഥാന ശിലയും സത്യസ്വരൂപനുമായ മിശിഹായേ, നീ നിന്റെ സഭയെ നിർമ്മിക്കുന്നതിന് അതിന്റെ ആധാരശിലയായി സ്വയം നൽകിയല്ലോ. ദൈവജനമായിരുന്ന ഇസ്രായേൽ മക്കൾക്കു ദാഹിച്ചപ്പോൾ പ്രകൃത്യാതീതമായി ജലം പ്രവഹിച്ച പാറ നിന്നെ സൂചിപ്പിക്കുന്നു. അവിടെ നിന്ന് ഒഴുകിയിറങ്ങിയ ജലം സത്യോപദേശങ്ങളുടെ കൈവഴികളും സഭയിൽ ദർശിക്കുന്ന വൈവിദ്ധ്യമാർന്ന ദൈവകൃപകളുടെ നീർച്ചാലുകളുമായി ഞങ്ങൾ തിരിച്ചറിയുന്നു. ഇസ്രായേൽ ജനത്തിന് ദാഹജലം നൽകി അവരുടെ ജീവൻ സംരക്ഷിച്ച പാറയാകുന്ന കർത്താവിന്മേൽ പണിയപ്പെട്ടിരിക്കുന്ന തിരുസഭയെ പ്രതീകങ്ങളും സൂചകങ്ങളുമായി പഴയനിയമസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നതു കണ്ട് ഞങ്ങൾ ആശ്ചര്യപ്പെടുന്നു.

നിന്റെ തിരുസഭയുടെ പ്രാഭവത്തെ ദർശിച്ച് സ്വർഗ്ഗീയ ഗായകനായ ദാവീദ് വിസ്മയഭരിതനായി അതിനെ വർണ്ണിച്ചുകൊണ്ട് പാട്ടു

പാടി. ന്യായപ്രമാണപ്രകാരം ഉള്ള രോമനിർമ്മിതവും വർണ്ണസമൃദ്ധവുമായ ദേവാലയ വിരികൾ പരിശുദ്ധ സഭയുടെ മഹത്വത്തിന്റെ നിഴലായി നിലകൊള്ളുന്നു. അവ തിരുസഭയിലെ രക്ഷാകരമായ കൗദാശികാനുഷ്ഠാനങ്ങളുടെ രഹസ്യസൂചകമായ രൂപങ്ങളായി ഞങ്ങൾ ഗ്രഹിക്കുന്നു. ഇസ്രായേലിന്റെ ദേവസ്ഥാനങ്ങളെ അലങ്കരിച്ച ആകർഷകമായ നിറമാർന്ന നൂലുകൾ കൊണ്ടുള്ള അലങ്കാരങ്ങൾ പുതിയനിയമസഭയുടെ ആത്മിക ചങ്ങലകളുടെയും പരിശുദ്ധാത്മപ്രേരിതമായ സുകൃതങ്ങളുടെയും സൂചനയാകുന്നു. ലോഹനിർമ്മിതമായ തൂണുകളും താങ്ങുകളും സഭയുടെ സ്തംഭങ്ങളായ പരിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷപ്രഘോഷകരായ അറിയിപ്പുകാരുടെയും നിഴലാകുന്നു. ചങ്ങാലികളുടെയും കൊറ്റനാടുകളുടെയും രക്തത്തിൽ കുതിർന്ന പഴയനിയമ ബലിപീഠം ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവപുത്രനായ കുഞ്ഞാടിന്റെ കളങ്കരഹിതമായ പുണ്യ രക്തത്താൽ ശുദ്ധീകൃതമായ ആത്മീയ യാഗപീഠമായ പരിശുദ്ധ സഭയുടെ പ്രതിരൂപമായി വെളിപ്പെട്ടിരിക്കുന്നു. ബലിപീഠത്തെ പ്രകാശിപ്പിച്ചിരുന്ന ഏഴു ശിഖരമുള്ള ദ്രവ്യനിർമ്മിതമായ വിളക്ക് നീതിസൂര്യനായ കർത്താവിലും ഉദയ നക്ഷത്രങ്ങളായിരുന്ന പരിശുദ്ധ ശ്ലീഹന്മാരിലും യാഥാർത്ഥ്യമായി. പൊരുളായ സഭയെ ദർശകർ പ്രതീകങ്ങളാൽ വെളിപ്പെടുത്തി. വെളിച്ചം അടുത്തിരിക്കയാൽ എഴുന്നേറ്റു പ്രകാശിക്കുക എന്ന് മഹത്വമുള്ളവനായ ഏശായ ആസന്നമായ സഭയുടെ രൂപപ്പെടലിനെ പറ്റി പ്രവചിച്ചു. കർത്താവിന്റെ ആദരവ് നിന്റെ മേൽ ഉണ്ടാകും എന്ന ഏശായായുടെ ദീർഘദർശനം സഭയിൽ നിവൃത്തിയായി. നിന്റെ ജനത്തെയും പിതൃഭവനത്തെയും വിസ്മരിച്ച് രാജാവിനോടു ചേരുക എന്ന് ഗായകനായ ദാവീദ് പാടിയത് എല്ലാം നിഷേധിച്ചു മിശിഹായുടെ മണവാട്ടിയായിത്തീർന്ന സഭയെപ്പറ്റിയാണെന്ന് ഞങ്ങൾ ഗ്രഹിക്കുന്നു. രാജാവ് നിന്റെ അംഗലാവണ്യത്തെ വർണ്ണിക്കുകയും സൗന്ദര്യത്തിൽ ആകൃഷ്ടനാവുകയും ചെയ്യുമെന്ന ദാവീദിന്റെ ദർശനം സഭയുടെ ശോഭയെ പറ്റിയാകുന്നു. പരി. സഭയേ നിന്റെ നയനങ്ങൾ നീല നിറമുള്ളവയും വസ്ത്രം പ്രശോഭിതവും ആകുന്നു. നിന്റെ കമനീയതയിൽ അത്ഭുതപ്പെടുന്നവർ അനേകം. നിന്റെ രൂപസൗന്ദര്യം വർണ്ണിക്കുന്നവരാകട്ടെ നിരവധിയാകുന്നു.

ഇതിനു സമാനമായ വായനയാണ് കൂദോശ് ഈത്തോ ഞായറാഴ്ചയിലെ പ്രഭാത നമസ്കാരത്തിലെ സെദ്റയിലും കാണുന്നത്.

പുതിയനിയമസഭ പഴയനിയമ ദൃഷ്ടാന്തങ്ങളാകുന്ന മുൻകുറികളാൽ സൂചിപ്പിക്കപ്പെടുന്നതായി പള്ളി കൂദാശക്രമം വ്യക്തമാക്കുന്നു: 'മണവാട്ടിയുടെ ശുദ്ധീകരണമാകുന്ന ഈ കൂദാശപ്പെരുന്നാൾ ഞങ്ങൾ ആചരിക്കുകയും വിശുദ്ധ ഗാനങ്ങൾ അതിനെ മഹത്വീകരിക്കുകയും ചെയ്യുന്നു. ദൈവിക നൽവരങ്ങളുടെ ശ്രീഭണ്ഡാരമാകുന്ന വിശുദ്ധ സഭയേ നീ ഭാഗ്യവതിയാകുന്നു. ദൈവം തന്റെ സിംഹാസനമായി നിന്നെ തെരഞ്ഞെടുത്തതിനാൽ നീ സന്തോഷിക്കുക. ദൈവവചനം തിരിച്ചറിഞ്ഞ ഭരണാധികാരികളെ അവരുടെ അധികാര ചിഹ്നങ്ങളോടെ നിന്റെ അടുക്കലേയ്ക്കാകർഷിക്കുന്ന പരിശുദ്ധ സഭയേ നിനക്ക് ഭാഗ്യം. മഹത്വമുള്ളവനായ ഏശായാ ദീർഘദർശിയുടെ വചനപ്രകാരം നീതി വസിക്കുന്ന അനുഗൃഹീത സമൂഹമേ നിനക്ക് ഭാഗ്യം. ജ്ഞാനിയായ ശലോമോൻ വിജ്ഞാന സമുദ്രം എന്നു വിളിക്കുന്ന പരിശുദ്ധ സഭയേ നിനക്കു ഭാഗ്യം. നിബിവാക്യം പോലെ ദൈവിക സൗന്ദര്യം വെളിവാക്കുന്ന പരിശുദ്ധ സഭയേ നീ ഭാഗ്യവതിയാകുന്നു. സീനായ് മലമുകളിൽ വെച്ച് രഹസ്യം നിറഞ്ഞ ദൃഷ്ടാന്തമായി മോശയ്ക്കു വെളിപ്പെട്ട സഭയേ നിനക്ക് ഭാഗ്യം. പാതാള ഗോപുരങ്ങൾക്ക് ഭീതി ജനിപ്പിക്കുവാൻ കഴിയാത്ത വാഗ്ദത്ത വധുവായ സഭയേ നിനക്ക് ഭാഗ്യം'.

ഹൂദോസ് ഈത്തോ ഞായറാഴ്ച സന്ധ്യയിലെ സെദ്റ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു. 'ഈ സഭയെ പൂർവ്വപിതാക്കന്മാരും പ്രധാന പിതാക്കന്മാരും അവരവരുടെ ജീവിതഘട്ടങ്ങളിൽ ദൃഷ്ടാന്തീകരിച്ചു കാണിച്ചിരുന്നു. നീതിമാനായ നോഹ തനിക്കും തന്നോടു കൂടെയുള്ളവർക്കും രക്ഷയ്ക്കുവേണ്ടി മരം കൊണ്ട് പെട്ടകം ഉണ്ടാക്കി അതിനെ ദൃഷ്ടാന്തീകരിച്ചു. കുടുംബങ്ങളുടെയും ഗോത്രങ്ങളുടെയും പിതാവായ അബ്രഹാം പർവ്വതത്തിന്റെ മുകളിൽ ബലിപീഠം പണിത് അതിൽ നിന്റെ ഒരു മുൻകുറി എന്ന വണ്ണം തന്റെ മകനായ ഇസഹാക്കിന് സമർപ്പിച്ചുകൊണ്ട് അതിനെ രൂപീകരിച്ചു. പിതാക്കന്മാരുടെ തലവനായ യാക്കോബ് നാട്ടി അഭിഷേകം ചെയ്ത കല്ലു മൂലം അതിനെ മുൻ കാണിച്ച് ഇതു വിശുദ്ധ സ്ഥലവും സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിലും എന്നു വിളിച്ചു പറഞ്ഞു. മഹാനായ മോശ സഭയിൻ കൂടാരം മൂലം അതിനെ സൂചിപ്പിച്ചു. അതു ശലോമോൻ പണിയിച്ച ആലയത്തേക്കാൾ അതിമഹത്തരവും പ്രാഗത്ഭ്യവും ഉള്ളതാകുന്നു. 'രാജകുമാരി അകമേ മുഴുവനും ഭംഗിയുള്ളതാകുന്നു. അവളുടെ വസ്ത്രം തങ്കത്തേക്കാൾ അലംകൃതമത്രേ' എന്ന് ദിവ്യനായ ദാവീദ് ഘോഷിച്ചിരിക്കുന്നു. യെശയ്യാ പ്രവാചകൻ അതിനോട് ഇങ്ങനെ വിളിച്ചു പറഞ്ഞു: നിന്റെ ഉയരമുള്ള പ്രബല വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു, അടയ്ക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നിന്റെ വിലയേറിയ രക്തത്താൽ അതു വിലയ്ക്ക് വാങ്ങപ്പെട്ടിരിക്കുന്നു'.

കൂദോശ് ഈത്തോ ഞായർ സന്ധ്യയുടെ സെദ്റ പ്രാർത്ഥനയിലും സഭയെ പറ്റിയുള്ള മുൻകുറികൾ കാണാവുന്നതാണ്:

'അതു ആകൃതിയിൽ ചിത്രീകരിക്കപ്പെട്ട പക്ഷിയാകുന്നുവെന്നും അതിനെ സ്വർഗ്ഗസേനകൾ

വളഞ്ഞിരിക്കുന്നുവെന്നും ദാവീദ് സൂചിപ്പിച്ചിട്ടുണ്ട്. യെശയ്യാ ഉപമകളാൽ അതിനെ ദൃഷ്ടാന്തപ്പെടുത്തി. മോശ കൂടാരം മൂലം അതിനെ കാണിച്ചു. ഹസ്കിയേൽ തന്റെ ദർശനത്താലും സഖറിയ മഹത്തര സംഗതികൾകൊണ്ടും അതിനെ അറിയിച്ചു'. അതേ ദിവസം രാത്രി ഒന്നാം കൗമയിൽ ഇപ്രകാരം സൂചിപ്പിക്കുന്നു. ദിവ്യനായ ദാവീദ് ദൈവത്തിന്റെ നഗരമെന്ന് നിന്നെ വിളിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റ് ശോഭിക്കുക. സഖറിയാ പ്രവാചകൻ വിശുദ്ധിയിൻപീഠമെന്ന് നിനക്ക് നാമകരണം ചെയ്തിരിക്കുകയാൽ എഴുന്നേറ്റു ശോഭിക്കുക. ഹസ്ക്കിയേൽ നിന്റെ ദൃഷ്ടാന്തം സ്ഫടിക സിംഹാസനത്തിൽ കണ്ടിട്ടുള്ളതു കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ദൈവത്തിന് ഇരിപ്പിടമായി തിരഞ്ഞെടുക്കപ്പെട്ട പർവ്വതമെന്ന് വിളിക്കപ്പെട്ടതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ഗൗരവ സംഗതികൾ നിന്നിൽ സംസാരിക്കപ്പെട്ടതുകൊണ്ട് ദൈവത്തിന്റെ പട്ടണമേ എഴുന്നേറ്റു ശോഭിക്കുക. നിന്റെ അഴക് സകല സൗന്ദര്യത്തിലും പ്രബലമായിരിക്ക കൊണ്ട് എഴുന്നേറ്റു ശോഭിക്കുക. നിത്യജീവന്റെ അവകാശം എല്ലാ പ്രകാരേണയും നിനക്കു വാഗ്ദാനം ചെയ്യപ്പെട്ടതിനാൽ എഴുന്നേറ്റു ശോഭിക്കുക. നിന്റെ പ്രകാശം വന്നടുത്തു എന്ന് മഹത്വമുള്ളവനായ ഏശായാ പറഞ്ഞിരിക്ക കൊണ്ട് എഴുന്നേറ്റു ശോഭിക്കുക. രാജാവ് നിന്റെ ഭംഗിയെ മോഹിക്കും എന്ന് കർത്താവിന്റെ പ്രവാചകൻ വചനിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. എല്ലാ ഭൂഭാഗങ്ങളുടെയും പ്രത്യാശയായവൻ സമാധാനത്താൽ നിന്റെ അതിരു നിർണ്ണയിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ലോകനിയന്താവിന്റെ തൃക്കൈകളാൽ നീ രൂപീകരിക്കപ്പെട്ടതുകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. ആത്മാക്കളുടെ ഇടയന്റെ പ്രബലഭുജം നിന്നെ രക്ഷിച്ചതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. കർത്താവിന് പ്രീതികരമായി താൻ അതിൽ വസിച്ച സിയോൻ നീയാക കൊണ്ട് എഴുന്നേറ്റു ശോഭിക്കുക'.

കൂദോശ് ഈത്തോയുടെ രാത്രി നമസ്കാരത്തിലെ ഒന്നാം കൗമയുടെ സെദ്റയിൽ ഇപ്രകാരം കാണുന്നു: ആത്മീയ വാക്യങ്ങളാൽ ഉച്ചത്തിൽ പറയുന്നു. തിരുസഭയേ എഴുന്നേറ്റു പ്രകാശിക്കുക. നിന്നെ സ്ഥാപിച്ച ജ്ഞാനിയായ ശില്പിയാൽ നിന്റെ കതകുകളുടെ സാക്ഷാ ബലവത്തായിരിക്കുന്നു. സഭയേ ഉണർന്നു

ശോഭിക്കുക. സകല സൃഷ്ടികളുടെയും രക്ഷകൻ നിന്റെ മക്കളെ വാഴ്ത്തിയിരിക്കുന്നു. ദിവ്യനായ ദാവീദ് ദൈവത്തിന്റെ നഗരമെന്ന് നിന്നെ വിളിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ഓഫീറിലെ തങ്കാലങ്കാരം കൊണ്ട് നിന്നെ പ്രാഭവപ്പെടുത്തിയതിനാൽ നീ എഴുന്നേറ്റു ശോഭിക്കുക. ജീവദായകൻ നിനക്ക് നിത്യജീവൻ നിശ്ചയിച്ചിരിക്കുകയാൽ നീ എഴുന്നേറ്റു ശോഭിക്കുക. സഖറിയാ പ്രവാചകൻ വിശുദ്ധിയിൻപീഠമെന്ന് നിനക്ക് നാമകരണം ചെയ്തിരിക്കുകയാൽ എഴുന്നേറ്റു ശോഭിക്കുക. ഹസ്കിയേൽ നിന്റെ ദൃഷ്ടാന്തം സ്ഫടിക സിംഹാസനത്തിൽ കണ്ടിട്ടുള്ളതു കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ദൈവത്തിന് ഇരിപ്പിടമായി തിരഞ്ഞെടുക്കപ്പെട്ട പർവ്വതം എന്ന് വിളിക്കപ്പെട്ടിരിക്കുന്നുവെന്നതിനാൽ നീ എഴുന്നേറ്റു ശോഭിക്കുക. ഗൗരവ സംഗതികൾ നിന്നിൽ സംസാരിക്കപ്പെട്ടതുകൊണ്ട് ദൈവത്തിന്റെ പട്ടണമേ എഴുന്നേറ്റു ശോഭിക്കുക. നിന്റെ അഴക് സകല സൗന്ദര്യത്തിലും പ്രബലമായിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. നിത്യജീവന്റെ അവകാശം എല്ലാ പ്രകാരേണയും നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ടതിനാൽ എഴുന്നേറ്റു ശോഭിക്കുക. നിന്റെ പ്രകാശം വന്നടുത്തു എന്ന് മഹത്വമുള്ളവനായ ഏശായാ ദീർഘദർശി പറഞ്ഞിരിക്കുക കൊണ്ട് എഴുന്നേറ്റു ശോഭിക്കുക. രാജാവ് നിന്റെ ഭംഗിയെ മോഹിക്കും എന്ന് കർത്താവിന്റെ പ്രവാചകൻ വചനിച്ചിരിക്കുക കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക.

സുറിയാനി സഭയുടെ വിവാഹകൂദാശയിൽ സഭയും കർത്താവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പ്രമേയം ശുശ്രൂഷക്രമത്തിൽ ഉടനീളം കാണാവുന്നതാണ്. ഈ ബന്ധത്തെപ്പറ്റി പറയുവാൻ ഉപയോഗപ്പെടുത്തിയിരിക്കുന്ന രൂപങ്ങൾ പഴയനിയമത്തിലെ ഉത്തമഗീതത്തിൽ നിന്നും മറ്റുമാണ്. ശാലോമോൻ സഭയെ ലാളിക്കുന്നതായി വിവാഹത്തിന്റെ കിരീട വാഴ്വിന്റെ പ്രുമിയോൻ കഴിഞ്ഞുള്ള ഗീതത്തിൽ പാടുന്നു. മിസ്രയീമിൽ നിന്ന് ദൈവം മോചിപ്പിച്ചുകൊണ്ടുവന്ന യിസ്രായേൽ കർത്താവിന്റെ മണവാട്ടിയായ സഭയായിരുന്നുവെന്ന് രണ്ടാം ക്രമത്തിലെ ആശീർവാദ പ്രാർത്ഥനയുടെ അന്ത്യത്തിൽ പറയുന്നു. ഈ പ്രാർത്ഥനാ ഭാഗങ്ങളെല്ലാം സ്വയം വിശദീകരണ (self explanatory) ശേഷിയുള്ളതുകൊണ്ട് മറ്റൊന്നും എഴുതിച്ചേർക്കേണ്ടതായിട്ടില്ല.

പഴയനിയമത്തിലെ വ്യക്തികളും വസ്തുക്കളും സംഭവങ്ങളും മാത്രമല്ല പുതിയനിയമ യാഥാർത്ഥ്യങ്ങളുടെ മുൻകുറികൾ. പഴയനിയമസഭയും ദേവാലയവും ശുശ്രൂഷകളും പുതിയനിയമത്തിന്റെ മുൻകുറികളായി ഓർത്തഡോക്സ് ആരാധനക്രമങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക. ഇവ വീണ്ടും പഴയനിയമവെളിപാടിന്റെ ആധികാരികതയും തിരുവെഴുത്തുകളുടെ ഐക്യവും അന്യോന്യബന്ധവും വെളിപ്പെടുത്തുന്നു.

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

ലേഖനം

# Evolution of Indian Aesthetics: From Ancient to Contemporary Art Forms

**Ameera Sara Thomas**

*കഴിഞ്ഞലക്കം തുടർച്ച...*

**Khajuraho Temples: Eroticism and Spirituality in Stone:**

Another example which can be cited for showing this classical Indian aesthetics is the Khajuraho group of monuments which were built in the time period ranging from 950–1050 C.E. The temples of Madhya Pradesh are known for their explicit and highly detailed sexual figures. Nevertheless, juxtaposition of sensuality with complexly artistic religious topics is a demonstration of integration of the material and the divine in the Indian painting.

According to Khajuraho by Vidya Dehejia; "these temples are famous for excessive expressions concerning carnal passionate, celestial symbols and divine exhilaration."

Khajuraho shows how classics accepted double nature of mankind and turned that into a stone art form.

**Bharatanatyam and Kathakali: Dancing the Divine:**

This period was a time when classical Indian artworks such as Bharatanatyam and Kathakali were sculptured. The Natyashastra by Bharata gave an elaborate treatise on performing arts which resulted in writing down of today's dance forms.

The Dance of Shiva according to Ananda K. Coomaraswamy is "Classical Indian dance is more than art. It is the path to enlightenment".

The dances have numerous indicators wherein the moves or movements reflect heavy philosophies and spiritual aspects of life. In their elaborate dresses and make-up the performers become living sculpture representing the gods and heroes and their fables.

Paintings and sculpture in India were not simply a demonstration of the artist's capacity but deep channels reflecting the spirit and principles of the epoch. There are many other examples that are representative of the depth, beauty, and lasting effect of the "golden" era of classical Indian aesthetics.

**Medieval Art: Fusion of Cultures**

Indian art experienced an aesthetic revolution during the medieval era which involved dynamic cultural interactions. The period from about the 7th to 18th century was marred by foreign invasions, trading, traveling and so on. The blend of different cultural ingredients had a strong effect on art which, in turn, manifested the complexity and sophistication of the day.

**Mughal Miniatures: Perfect fusion of Persian- Indian aesthetics:**

One of the greatest representations of this fusion is Mughal miniature paintings, which blossomed under the supervision of the Mughal emperors. Mughal rulers were of Central Asian and Persian descent but got involved in India's culture. This resulted into a fusion of Persian and Indian styles in painting. These were some cultures and this art represented different cultures which showed the perfection in every little detail about the Mughal court life.

A classic example of miniature art in Mughals is the "Padshahnama," which is a royal chronicle ordered for emperor Shah Jahan. It depicts magnificence of Mughal court by using detailed drawings and inscriptions of Persian. The combination of Persian technique, Indian theme, and subject formed an unusual style that caught the flavour of that age.

**Indo-Islamic Architecture: Architectural Marvels That Bridge Cultures:**

The medieval era in India saw the emergence of so called Indo-Islamic architecture that employed aspects of both local and Islamic styles. An illustration of this melding process is evident at the Qutb Minar in Delhi. This UNESCO World Heritage Site features intricate Islamic calligraphy on its walls alongside Hindu motifs, signifying the harmonious blending of diverse artistic traditions.

Percy Brown, in his seminal work "Indian Architecture: Islamic Period", underscores Islam's considerable impact on India in terms of architecture. According to him, this meeting of styles resulted into "a reconciliation of the two warring parts in a perfect harmony."

To conclude, the Indian medieval art represents a mixture of different cultures that resulted in vibrant artistic expressions. This synthesis resulted in such masterpieces as the Mughal miniature paintings and Indo-Islamic architecture. This era is a testimony to India's capability to assimilate and transform it

into something unique and indigenous through mixing various art forms. This is one part of India's great story about art, which celebrates its diversity and creative evolution.

**Modern & Contemporary Art: A Spectrum of Expression**

Transition into the modern and post-modern eras of Indian aesthetics greatly revolutionized paintings and sculpture. This is an epoch where elements of tradition have been mixed with modern creative thinking and resulted in adaptive and dynamic features to define Indian Art.

**Modern Art: The Bengal School and the revival of tradition:**

Bengal School of Art set up by Abanidranath Tagore with the collaboration of the great Indian poet Rabindranath Tagore was instrumental in renewing traditional Indian art disciplines. The Bengal school was influenced by the earlier 20th century nationalistic movement and sought to revive artistic traditions in India. The approach can be demonstrated by Abanindranath Tagore's "Bharat Mata", which was painted in 1905. It depicts a simplistic icon of India as a mother for the purposes of evoking bondedness and spiritualism.

As discussed in "Indian Art" by Partha Mitter, this revivalist movement aimed at injecting fresh blood into old forms with a particular emphasis on Indian spirits and modern-day practices. This showed that modern Indian art can live side by side with its classical past.

**Contemporary Art: Globe and the Global Stage: M. F. Husain and Raza:**

In mid-twentieth century, Indian contemporary art departed from traditional subjects and methodologies. Firstly, modernists leaders such as Maqbool Fida Husain and S.H. Raza went abstract with western modernism but without the loss of touch with their origin identity in India.

The contemporary art scene in India has seen a vital figure emerge, who goes by the name of Maqbool Fida Husain and is at times dubbed "the Picasso of India". His piece "Between the spider and the lamp" shows how he combines modern abstraction with traditional Indian theme. It expresses the parallel of modern-day city life and ancient Indian symbology, encouraging viewers to decipher his art in relation to their own culture's perception.

The dot, "Bindu", was used by S.H. Raza, who is well-known for producing geometric abstractions in bright colours for evocation of cosmological and spiritual connotations. His work, "Saurashtra," reveals the artist's attempt to bridge the gap between the metaphysical and the concrete, as discussed in "S.H. Raza: Bindu Vistaar" by Ashok Vajpeyi.

Other modern artists from India such as Subodh Gupta, Bharti Kher, and Jitish Kallat are globally acclaimed. Indian art today is quite diverse as there are a lot of works that address modern global problems while at the same time emphasizing deep roots of the Indian culture.

The metamorphosis of Indian aesthetics into a modem and contemporary art reflects Indian culture that is fluid, and artists who embrace convention as well as novelty. The legacy that carries the nation forward with this vast array of Indian arts are these artists who reinvent and expand the boundaries in defining Indian expressions.

The development of aesthetics in Indian paintings and sculptures is a journey into time that weaves together the cultural fabric of India, religious beliefs and philosophies of the country, as well as social issues. The journey starts with sacred symbolism of the Indus Valley seals, goes through the most elaborate frescoes, including those in Ajanta and Ellora caves; it ends with a combination of various techniques and influences that were used in Mughal miniatures and works by modern Indian.

Throughout this evolution, a common thread unites these diverse artistic expressions: a strong sense of tradition, spirit, and pursuit of eternal beauty. Despite adopting the external styles of expressions and also embracing other forms of art, the intrinsic linkage with the spirit and the divine of an Indian art has stayed unaffected.

Indian painting and sculpture does not just relate to beautification alone but to expressing the meaning of Indian history, value system, and culture. These pieces of art represent the spirit of the nation, which successive Indigenous generations can always identify with in a sense that connects them to their ancestors.

As we conclude this journey through the evolution of Indian aesthetics in the context of paintings and sculpture, we are left with a profound realization: Indian Art is beyond just being locked up in museums and history books. It is the embodiment of the nation's survival instinct and ingenuity which has constantly adapted to meet the challenges of the modern day life. It is the timeless beauty and eternal spirit of Indian art that leaves many in awe. Vividly, this remains one of the most powerful legacies of creativity and linkage between art in the Sub-Continent and Divine.

ധ്യാനം

# തിരുകുടുംബത്തിൽ നീയുമുണ്ട്...

## വി. മത്തായി 1:1–18

**ഫാ. സിബി മാത്യു വർഗീസ്**

നസ്രാണി കുടുംബങ്ങൾ ചരിത്രം എഴുതിക്കൊണ്ടിരിക്കുന്ന കാലമാണിത്. കുടുംബയോഗങ്ങളും കുടുംബമഹിമയെ പുകഴ്ത്തുന്ന പ്രഭാഷണങ്ങളും കുടുംബവൃക്ഷത്തെ അധികരിച്ചുള്ള ഗ്രന്ഥങ്ങളുമൊക്കെ ഇന്ന് എല്ലായിടത്തും കാണാം. കൂട്ടുകൂടാൻ ആളില്ലാതാവാൻ സാധ്യതയുള്ള നാളെയെക്കുറിച്ചുള്ള ഭയമാണോ ഈ വേരുകൾ തേടിയുള്ള യാത്രയെന്നുപോലും തോന്നിപോകും. ഇതിൽ പാരമ്പര്യം ഒരു പ്രധാന ഘടകമാണ്.

ചരിത്രങ്ങളെന്നും പക്ഷപാതപൂർണ്ണമാണ് (History is always biased). വിജയിച്ചവരുടെ കഥയാണ് ചരിത്രം (History is story of victory). പരാജിതരുടെ പേരുകൾ കുടുംബചരിത്രത്തിൽ ഇടം പിടിക്കാറില്ല. പിടിച്ചടക്കിയവരുടെയും, നേതാക്കന്മാരുടെയും, ഭരണകർത്താക്കളുടെയും പേരുകൾ എത്രമാത്രം വരുന്നുവോ അവിടെയാണ് കുടുംബത്തിന്റെ മഹത്വം ഏറുന്നതെന്നാണ് ഒരു ധാരണ. കള്ളുകുടിയനും കള്ളുചെത്തുകാരനും കൂലിപ്പണിക്കാരനും, സഭ വിട്ടുപോയവനും മതം മാറി കെട്ടിയവനും, തൂങ്ങിചത്തവനും അവന്റെ ഭാര്യയും പിള്ളേരും... അങ്ങനെ കുറെയധികം ആളുകളെ ഒഴിവാക്കിയാണ് ചരിത്രമെഴുത്ത്. പിന്നെയൊരു ബ്രാഹ്മണവേര് എവിടെയെങ്കിലും കണ്ടെത്തും. അവസാനം ആ കയറ് പകലോമറ്റം തറവാടിന്റെ മുറ്റത്തൊരു മരത്തിൽ കെട്ടിക്കഴിഞ്ഞാൽ അന്തസ്സ്. അവനാണ് നമുക്ക് കുടുബത്തിൽ പിറന്നവൻ. പിന്നെ കുടുംബത്തിലെ സ്ത്രീകൾ; അവരുടെ കാര്യം പറയണ്ട. കാരണം ചരിത്രം 'അവന്റെ കഥയാണ്, അവളുടെയല്ല' (History is His-story not Her-story). കാര്യമെന്തൊക്കെയായാലും ഏതു കുടുംബത്തിൽ ജനിക്കണം എന്നു തീരുമാനിക്കാൻ നമുക്കാർക്കും ഇതുവരെ ഭാഗ്യം ലഭിച്ചിട്ടില്ല. അത്തരമൊരു അവകാശം മനുഷ്യപുത്രന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആരായിരിക്കണം അമ്മയെന്നും, അപ്പനെന്നുമൊക്കെ തീരുമാനിക്കാൻ സ്വർഗ്ഗം തീരുമാനിച്ചു. ഈ വിവേചനാധികാരം ഉണ്ടായിരുന്നിട്ടും അവന്റെ കുടുംബചരിത്രം നമ്മെ വിസ്മയിപ്പിക്കും. ആർക്കുവേണ്ടി അവൻ ജീവിക്കുകയും മരിക്കുകയും ചെയ്തുവോ അവരെയെല്ലാം തന്റെ കുടുംബവൃക്ഷത്തിൽ കൂട്ടുചേർക്കാൻ അവൻ മറന്നില്ല.

'നീ ആരുടെ മകനാണ്' എന്നാണ് ഒരു യഹൂദൻ അന്നും ഇന്നും ചോദിക്കുന്നത്. അപ്പന്റെ പേരിനെ കൂട്ടുപിടിക്കാതെ മറുപടി പറയാനാകില്ല. ബർതെമിയൂസ് എന്നാൽ തിമയോസിന്റെ മകനെന്നല്ലേ, യോനായുടെ പുത്രനായ ശിമയോൻ എന്നല്ലേ പത്രോസിനെ വിളിക്കുക. യാക്കോബിനെയും യോഹന്നാനെയും സെബദിയുടെ മക്കളെന്നല്ലേ. അൽഫായിയുടെ മകനായ തോമായെന്നല്ലേ. പാരമ്പര്യത്തിന്റെ പ്രൗഢിയുടെ മൗഢ്യലോകത്തു ജീവിക്കുന്ന ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ വംശാവലി ഒരു വെല്ലുവിളിയാവണം. രാജാവും പ്രവാചകനും പുരോഹിതനും മാത്രമല്ല അവിടെയുള്ളത്. യേശുവിന്റെ കുടുംബചരിത്രത്തിൽ അന്ന് സമൂഹത്തിൽ അവമതിക്കപ്പെട്ട സ്ത്രീയുണ്ട്, വ്യഭിചാരിണിയായ പെണ്ണുണ്ട്, ദാവീദിന് ഊരിയാവിന്റെ ഭാര്യയിൽ ജനിച്ച ജാരസന്തതിയുണ്ട്. തിരുപിറവിയുടെ സന്തോഷത്തിൽ നിന്നും ആരെയും മാറ്റിനിർത്തുന്നില്ല. അതുകൊണ്ടാണ് സർവ്വലോകത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷമായി ക്രിസ്തുവിന്റെ ജനനം മാറുന്നത്.

സാധാരണയായി പുരുഷകേന്ദ്രീകൃതമാണ് അന്നത്തെ ചരിത്രങ്ങൾ. ഇന്നും അതുതന്നെ. പുരുഷന്മാർ പുരുഷന്മാർക്കുവേണ്ടി എഴുതിയ ചരിത്രത്തിൽ എന്തിനാണ് ഒരു പെൺപരാമർശം. ആ സാഹചര്യത്തിലാണ് മത്തായി സുവിശേഷകന്റെ തൂലികയിൽ പിറന്ന ക്രിസ്തുവിന്റെ വംശാവലിയിൽ നാല് സ്ത്രീകളെ ചേർത്തിരിക്കുന്നത്. താമാർ, റാഹാബ്, റൂത്ത്, ബേത് ശെബ (ഊറിയായുടെ ഭാര്യ). നാലുപേരും പുറജാതികൾ. രൂത്തൊഴികെ ബാക്കി മൂന്നുപേരെയും വി. വേദപുസ്തകത്തിൽ അവതരിപ്പിക്കുന്നത് അത്ര നല്ല രീതിയിലല്ല.

താമാർ; രണ്ടുകെട്ടിയിട്ടും സന്താനങ്ങൾ ഇല്ലാഞ്ഞതിനാൽ വേശ്യാ വേഷം കെട്ടി അമ്മായി അപ്പനെ വീഴ്ത്തി ഇരട്ടകുട്ടികൾക്ക് ജന്മം നൽകി. ജാരസന്തതികളിലൊരുവൻ പേരസും വംശവലിയിൽ ഇടം പിടിക്കുന്നുണ്ട്. റാഹാബ് യെരീഹോവിലെ അറിയപ്പെടുന്ന വേശ്യയാണ്. ജോഷ്വാ അയച്ച ചാരന്മാരെ രക്ഷപെടാൻ സഹായിച്ചത് അവളാണെന്ന് വായിക്കുന്നുണ്ട്. വിഗ്രഹാരാധനക്കാരായ മോവാബ്യ വംശത്തിലാണ് രൂത്തിന്റെ വേര്. ഊരിയാവിന്റെ ഭാര്യയുടെ കാര്യം പിന്നെ അറിയാമല്ലോ! ദാവീദും, ബെർശേബയും ചേർന്നു ചെയ്ത മഹാപാപം അതിക്രൂരമല്ലേ. എന്നിട്ടുമെന്തെ ഇവരെയൊക്കെ ഒഴിവാക്കി ഒരു ക്ലീൻ ചിറ്റ് വംശാവലിക്ക് സ്വർഗ്ഗം ശ്രമിക്കാഞ്ഞത്. ജോസഫിലും, മറിയത്തിലും ഒതുക്കാമായിരുന്നിട്ടും മത്തായി സുവിശേഷകൻ എന്തിനാണ് ഈ കുടുംബചരിത്രം മുഴുവനും കുറിക്കുന്നത്. നമ്മളായിരുന്നെങ്കിൽ പറഞ്ഞേനേം മനഃപൂർവം അവഹേളിക്കാൻ ആണെന്ന്. ഒരു ചരമ

പ്രസംഗത്തിൽ പിതൃതുല്യനായ ഒരു മനുഷ്യന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളെ വർണ്ണിച്ചുകൊണ്ട് അയാളുടെ ജീവിതത്തെ ഓർത്തെടുക്കുവാൻ ശ്രമിച്ചതിന് കാത് നിറയെ കേട്ടതിന്റെ ഞെട്ടൽ ഇപ്പോളും മാറിയിട്ടില്ല (ഒരു അനുഭവം പങ്കുവെച്ചു എന്നുമാത്രം). നമുക്ക് ഇഷ്ടമുള്ളതും, നമ്മുടെ ഇന്നത്തെ നിലയെ പ്രതികൂലമായി ബാധിക്കാത്തതും, മറ്റുള്ളവർക്ക് പ്രീതീകരമാകുന്നതുമായ ഭൂതകാലങ്ങൾ മാത്രമാണ് പങ്കുവെയ്ക്കുവാൻ താൽപ്പര്യം. അതിനപ്പുറമുള്ളതൊക്കെ തേച്ചുമായ്ച്ചുകളയാൻ എന്തും ചെയ്യും. ദുരഭിമാന കൊലകളും, ജാതി കൊലകളുമൊക്കെ നടക്കുന്ന നാടാണ് ദൈവത്തിന്റെ സ്വന്തം നാട്.

വീടിന്റെ തറകെട്ടിന് നല്ല കല്ലുകൾ തിരഞ്ഞെടുക്കുന്നതുപോലെ ഈ ലോകത്തിലെ എല്ലാ സ്ഥാനമാനങ്ങൾക്കും, തിരഞ്ഞെടുപ്പിനും ചില മാനദണ്ഡങ്ങളുണ്ട്. ഒരു ജനപ്രതിനിധിയെയോ, ഇതര സ്ഥാനങ്ങളിലേക്കോ ഒരു തിരഞ്ഞെടുപ്പ് നടത്തുമ്പോൾ, സൗന്ദര്യം, സമ്പത്ത്, കഴിവ്, കുടുംബ മഹിമ, പാരമ്പര്യം, ജാതി, വർണ്ണം, വർഗ്ഗം, വിദ്യാഭ്യാസം എന്നിവയെല്ലാം പ്രധാന ഘടകങ്ങളായി മാറുന്ന കാഴ്ചയാണ് നമ്മുടെ ചുറ്റുപാടും കാണുന്നത്. അതായത്, ലോകം കഴിവുള്ളതിനെമാത്രം, ഉൾകൊള്ളിക്കാൻ പറ്റുന്നതിനെ മാത്രം തിരഞ്ഞെടുക്കുന്നു. ലൈക്കുകളുടെയും, ഷെയറുകളുടെയും അടിസ്ഥാനത്തിൽ മനുഷ്യനെ വിലയിരുത്തുന്ന സത്യാനന്തര ലോകത്താണ് നാം ജീവിക്കുന്നത്. ഇന്ത്യക്ക് പുറത്തുള്ള സമ്പന്ന മായ ഒരു ദേവാലയത്തിൽ വചന ശുശ്രൂഷക്ക് വൈദികരെ വിളിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ചർച്ച ബഹുരസമായി തോന്നി (കേട്ടറിവാണ്). പല വൈദീകരുടെയും പേരുയർന്നുവന്നു. ഇടയ്ക്ക് ഒരു ന്യൂജൻ (പ്രായം കൊണ്ടല്ല) പള്ളി പ്രമാണി ഒരു കണക്കു നിരത്തി. അവിടെ ഉയർന്നുവന്ന പ്രാസംഗികർക്കു സാമൂഹ്യമാധ്യമങ്ങളിൽ ലഭിച്ച ലൈക്, ഷെയർ കണക്കാണ്. വികാരിക്ക് വലിയ സ്വാധീനമൊന്നുമില്ലാത്ത ഇടവക ഒടുവിൽ കമ്മറ്റിയിൽ പ്രമാണിയുടെ കണക്കിന്റെ അടിസ്ഥാനത്തിൽ ആളെ തീരുമാനിച്ചു. മറ്റുള്ളവയെല്ലാം ആകൃതിയില്ലാത്ത കല്ലുകൾ അവഗണിക്കപ്പെടുന്നതുപോലെ പുറന്തള്ളപ്പെടുന്നു.

എന്നാൽ ദൈവികമായ തിരഞ്ഞെടുപ്പുകൾ അങ്ങനെയല്ല എന്ന് വേദം നമ്മെ പഠിപ്പിക്കുന്നുണ്ട്. "യേശു അവരോട് ചോദിച്ചു: പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് തന്നെ മൂലക്കല്ലായി തീർന്നു, ഇത് കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടികൾക്ക് ഇത് അത്ഭുതകരമായിരിക്കുന്നു എന്ന് വിശുദ്ധ ഗ്രന്ഥത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ" (മത്തായി 21:42). പണിക്കാരൻ കാലുകൊണ്ട് തട്ടി മാറ്റി കളഞ്ഞ കല്ലാണ് പിന്നീട് മൂലകല്ലായി തീരുന്നത്. രക്ഷകൻ യഹൂദ വംശത്തിൽ യഹൂദന്മാർക്കുവേണ്ടി മാത്രമായി ജനിക്കുമെന്ന യഹൂദ വിശ്വാസത്തെ തച്ചുടച്ചുകൊണ്ടാണ് മത്തായി സുവിശേഷകന്റെ എഴുത്ത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ, വാഗ്ദാനങ്ങൾ, രക്ഷാധികാരം അങ്ങനെയെല്ലാം സകല ഗോത്രങ്ങൾക്കും, വംശങ്ങൾക്കും, സകല ചരാചരങ്ങൾക്കുവേണ്ടിയുമുള്ളതാണെന്ന് യഹൂദ വായനക്കാരോട് സുവിശേഷകൻ വ്യക്തമാക്കുകയാണ്. സിരകളിലോടുന്ന യഹൂദരക്തമല്ല രക്ഷയുടെ ആധാരമെന്നാണ് സുവിശേഷം പറഞ്ഞുവെയ്ക്കുന്നത്.

ഈ തരംതിരിക്കൽ എല്ലായിടത്തും ഉണ്ട്. കുടുംബത്തിൽ, സമൂഹത്തിൽ, ഇടവകയിൽ, രാജ്യത്തിൽ അങ്ങനെയെല്ലായിടത്തും. പഴയ ഓർത്തഡോക്സുകാരൻ, പുതിയ ഓർത്തഡോക്സുകാരൻ, പഴയ ക്രിസ്ത്യാനി, പുതിയ ക്രിസ്ത്യാനി, പഴയ തറവാട്ടുകാരു, പുതിയ തറവാട്ടുകാര്, അച്ചന്മാരുള്ള കുടുംബം, ഇല്ലാത്ത കുടുംബം... അയ്യോ 30 കുടുംബങ്ങളുള്ള ഒരു ഇടവകയിൽ ഇത്രയുമെങ്കിൽ കുറേകൂടി വലിയ ഫ്രെയിമിൽ എന്തായിരിക്കും സ്ഥിതി. മനുഷ്യ നിർമ്മിതമായ മാനദണ്ഡങ്ങൾ വഴി അതേ മനുഷ്യരെ തന്നെ വേർതിരിക്കുകയും, വകഞ്ഞുമാറ്റുകയും ചെയ്യുന്ന പരമ്പരാഗതമായ 'കുടുംബ'സങ്കൽപ്പങ്ങൾക്ക് തിരുത്തൽ ആവശ്യപ്പെട്ടുകൊണ്ടാണ് ക്രിസ്തുവിന്റെ കുടുംബ ചരിത്രം ധ്യാനിക്കേണ്ടത്. ഒന്നു മനസ്സ് വെച്ചിരുന്നെങ്കിൽ പിറവി ഏതെങ്കിലും കൊട്ടാരത്തിൽ ആകാമായിരുന്നു. എന്നിട്ടുമെന്തെ തെരുവിൽ, പിന്നെ കാലികൂട്ടിൽ. അങ്ങനെ എവിടെയെങ്കിലും ആയിരുന്നെങ്കിൽ നമ്മുടെ കൂട്ടത്തിൽ ആരെങ്കിലും അവനെ എന്നേ ലേലം വിളിച്ചു സ്വന്തമാക്കിയേനെ. ഇതിപ്പോ സ്വന്തമായി ഒരു വിലാസം പോലുമില്ലാത്തവനെ ആരും വേഗത്തിൽ സ്വകാര്യവൽക്കരിക്കില്ല. വ്യക്തിപരമായി അവൻ എന്റേതും, നിന്റേതുമൊക്കെയാകാം. എന്നാൽ ആത്യന്തികമായി അവൻ സകല ജനത്തിനും വേണ്ടി ഉണ്ടായ ഒരു മഹാസന്തോഷമാണ്. അവിടെ യഹൂദനോ യവനനോ ഇല്ല, അടിമയോ സ്വതന്ത്രനോ ഇല്ല, ആണും പെണ്ണും എന്നില്ല; എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്.

എല്ലാവർക്കുമുണ്ട് മഹത്വത്തിന്റെ കാലവും വീഴ്ചയുടെ കാലവും. വ്യക്തികൾക്കും, കുടുംബങ്ങൾക്കും, വംശങ്ങൾക്കും, സഭയ്ക്കുമെല്ലാം. മഹത്വത്തിന്റെ കാലം തങ്കലിപികളിൽ കുറിച്ചിടും. വീഴ്ചയുടെ കാലം സൗകര്യ പൂർവ്വം വിസ്മൃതിയിലാഴ്ത്തും. പാപിയെയും, വീണുപോയവരെയും മാറ്റിനിർത്തിയുള്ള ചരിത്രങ്ങൾ നമുക്ക് വേണ്ട. കാരണം ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞതുപോലെ, 'സഭ പുണ്യവാന്മാരുടെ മ്യൂസിയമല്ല, പാപികളുടെ സങ്കേതമാണ്'. തെറ്റിപോയവരെയും, മാറ്റിനിർത്തിയവരെയും ചേർത്തുപിടിച്ചുള്ള ഒരു ധ്യാനം പിറവിക്ക് ഒരാഴ്ച മുൻപ് എന്തിനായിരിക്കണം? 'പിക്ചർ അഭി ഭി ബാകി ഹേ ഭായ്' എന്നോർമ്മപ്പെടുത്താനാണ്. ഒന്നും അവസാനിച്ചിട്ടില്ലെന്ന്... നീയും അവന്റെ കുടുംബത്തിലുണ്ടെന്ന്. അതാണ് പിറവി നൽകുന്ന വലിയ പ്രത്യാശ (The great hope of Christmas).

# കൽക്കൂമ്പാരങ്ങൾക്കടിയിലെ ക്രിസ്തു

**റവ. ഡോ. മുന്തർ ഐസാക്**
(അക്കാഡമിക് ഡീൻ, ബേത്‌ലഹേം ബൈബിൾ കോളേജ്, പാലസ്തിൻ)

**ഞ**ങ്ങൾ രോഷാകുലരാണ്, ഞങ്ങൾ തകർന്നവരാണ്. ആഹ്ലാദത്തിന്റേതാകേണ്ട ഈ വേള ഞങ്ങൾക്ക് പക്ഷെ ദുഃഖാചരണമാണ്. ഞങ്ങൾ ഭയചകിതരാണ്. ഇരുപതിനായിരത്തിലേറെപ്പേർ വധിക്കപ്പെട്ടു, ആയിരങ്ങൾ ഇപ്പോഴും തകർന്നടിഞ്ഞ കെട്ടിടങ്ങൾക്കടിയിൽ. അതിനിഷ്ഠൂരമായി കൊല ചെയ്യപ്പെട്ട ഒമ്പതിനായിരത്തോളം വരുന്ന കുഞ്ഞുങ്ങൾ. തങ്ങളുടെ ജന്മദേശത്തുനിന്നും പിഴുതെറിയപ്പെട്ട 1.9 ദശലക്ഷത്തോളം ജനങ്ങൾ, നാമാവശേഷമായ നൂറായിരക്കണക്കിന് വീടുകൾ. ഞങ്ങൾക്കറിയാവുന്ന ഗസ്സ ഇന്നില്ല. ഇത് ഉന്മൂലനമാണ്, ഇത് വംശഹത്യയാണ്. ലോകവും, ക്രിസ്തീയ സഭകളും ഇത് കണ്ടുകൊണ്ടിരിക്കുന്നു. ഗസ്സയിലെ ജനങ്ങൾ തങ്ങൾ കശാപ്പുചെയ്യപ്പെടുന്നതിന്റെ തത്സമയ ദൃശ്യങ്ങൾ പുറത്തേക്കയച്ചുകൊണ്ടിരിക്കുകയാണ്. ലോകം ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരിക്കാം, പക്ഷേ കാര്യങ്ങളെല്ലാം അതേമട്ടിൽ തുടരുന്നു.

ഇവിടെ ഞങ്ങൾ ചോദിച്ചുപോവുകയാണ്, ബെത്‌ലെഹെമിന്റെയും റാമള്ളയുടെയും ജെനീനിന്റെയുമൊക്കെ വിധിയും ഇതായിരിക്കുമോ? ഇതേ അന്ത്യമാണോ ഞങ്ങളെയും കാത്തിരിക്കുന്നത്? ലോകം ദീക്ഷിക്കുന്ന മൗനം ഞങ്ങളെ മുറിപ്പെടുത്തുന്നു. തുറങ്കലിലടക്കപ്പെട്ട ഒരു ജനതയുടെ നേർക്ക് നടത്തുന്ന ഈ വംശഹത്യയ്ക്ക് പച്ചക്കൊടി കാട്ടാൻ സ്വതന്ത്രലോകമെന്നറിയപ്പെടുന്ന രാഷ്ട്രങ്ങളിലെ നേതാക്കന്മാർ നിരനിരയായി നിൽക്കുകയാണ്. അവർ അതിനാവശ്യമായ എല്ലാ മറയും ഒരുക്കുന്നു. അതിന് വരുന്ന ചിലവ് ആദ്യമേതന്നെ അവർ എഴുതിയെടുത്തു എന്ന് മാത്രമല്ല, അതിന്റെ യാഥാർഥ്യത്തെയും പശ്ചാത്തലത്തെയും മറച്ചുവെച്ചുകൊണ്ട്, ഈ അപരാധത്തിനൊരു രാഷ്ട്രീയ മൂടുപടം നൽകുകയും ചെയ്തു. എന്നാൽ പാശ്ചാത്യസഭയും കൂടി രംഗത്ത് വരുമ്പോൾ ഈ നരമേധത്തിന് ദൈവശാസ്ത്രത്തിന്റേതായ മറ്റൊരു മാനം കൂടി ചാർത്തപ്പെടുകയാണ്. ഭരണകൂട ദൈവശാസ്ത്രം-അതായത് വർണവെറി, മുതലാളിത്തം, ഏകാധിപത്യം, തുടങ്ങിയവയാൽ പരുവപ്പെട്ട നിലവിലെ സാമൂഹിക-രാഷ്ട്രീയ സ്ഥിതിയെ ന്യായീകരിക്കുന്ന ദൈവശാസ്ത്രം-ദൈവശാസ്ത്രമായി നിർവചിക്കപ്പെടുന്ന ആശയത്തെപ്പറ്റി നമ്മെ പഠിപ്പിച്ചത് ദക്ഷിണാഫ്രിക്കയിലെ നമ്മുടെ പ്രിയ സുഹൃത്തുക്കളാണ്. ദൈവ ശാസ്ത്രസങ്കല്പങ്ങളെ ദുരുപയോഗിച്ചും ബൈബിൾപാഠങ്ങളെ സ്വന്തം രാഷ്ട്രീയോദേശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയുമാണ് ഭരണകൂട ദൈവശാസ്ത്രം പ്രവർത്തിക്കുന്നത്. ഇവിടെ പലസ്തീനിൽ നമ്മുടെ സ്വന്തം വിശുദ്ധ ഗ്രന്ഥമായ ബൈബിൾ തന്നെ നമുക്കെതിരെ ആയുധമാക്കപ്പെടുന്നു. പലസ്തീനിൽ ഞങ്ങൾ സാമ്രാജ്യത്വത്തെപ്പറ്റി സംസാരിക്കാറുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇവിടെ നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നത് അധീശത്വം, മേധാവിത്വം, തിരഞ്ഞെടുക്കപ്പെട്ടവർ എന്ന ചിന്ത, തങ്ങൾ വിശേഷാവകാശങ്ങൾക്കർഹരെന്ന ഭാവം എന്നിവയെ മറച്ചുപിടിക്കുന്ന സാമ്രാജ്യത്വത്തിന്റെ ദൈവശാസ്ത്രമാണ്.

സുവിശേഷപ്രഘോഷണം, സുവിശേഷവത്കരണം, പ്രവചനങ്ങളുടെ പൂർത്തീകരണം, വിമോചനം, സ്വാതന്ത്ര്യം, തുടങ്ങിയ വാക്കുകൾ പലപ്പോഴും സാമ്രാജ്യത്വ ദൈവശാസ്ത്രത്തിന് ആകർഷകമായ കുപ്പായമാകാറുണ്ട്. സാമ്രാജ്യത്വ ദൈവശാസ്ത്രം ദൈവനിശ്ചയം/ദൈവം അറിഞ്ഞുകൊണ്ട് സംഭവിക്കുന്നത് എന്ന പേരിൽ അടിച്ചമർത്തലിനെ പൊതിഞ്ഞുപിടിക്കുന്ന ശക്തമായ ഒരുപകരണമായിത്തീരുന്നു. അത് ഒരു ദേശത്തെ പറ്റി അവിടുത്തെ ജനതയെ അദൃശ്യവത്കരിച്ചുകൊണ്ട് സംസാരിക്കുന്നു. അത്തരമൊരു ദൈവശാസ്ത്രം ഞങ്ങൾ-നിങ്ങൾ എന്നീ വേർതിരിവുകൾ നിർമ്മിക്കുന്നു. ഇവിടെ ഒരു ജനത അതും വെറുമൊരു ജനതയല്ല, ഒരു സവിശേഷജനത തന്നെ ഉണ്ടായിരുന്നുവെന്ന ഉത്തമബോദ്ധ്യമുണ്ടായിട്ടും സാമ്രാജ്യത്വ ദൈവശാസ്ത്രം ഒരു ദേശത്തെ വീണ്ടും സങ്കൽപ്പിക്കുന്നത് അതിൽ നിന്നും മനുഷ്യത്വത്തെ തല്ലിക്കെടുത്തിയും, അതിനെ പൈശാചികവത്കരിക്കുകയും ചെയ്തുകൊണ്ടാണ്.

1948 ലെ വംശീയ ഉന്മൂലനത്തെ അത്ഭുതമായും ദിവ്യാത്ഭുതമായും എങ്ങനെ വ്യാഖ്യാനിച്ചുവോ അതേ രീതിയിലാണ് സാമ്രാജ്യത്വ ദൈവശാസ്ത്രം ഗസ്സയെ ഒഴിപ്പിക്കുന്നതിനുവേണ്ടി ആഹ്വാനം ചെയ്യുന്നത്. ഞങ്ങൾ പലസ്തീനികളോട് ഇപ്പോൾ ഈജിപ്തിലേക്ക് പോകാൻ ആണ് സാമ്രാജ്യത്വ ദൈവശാസ്ത്രം ആവശ്യപ്പെടുന്നത്. അല്ലെങ്കിൽ ജോർദാനായിരിക്കാം. ഇനി എന്തുകൊണ്ട് കടലിലേക്കായിക്കൂടാ? സമരിയായിലേക്കുള്ള വഴിയിൽ വെച്ച് ശിഷ്യന്മാർ യേശുവിനോടു

പറഞ്ഞ വാക്കുകളാണ് എനിക്കോർമ്മ വരുന്നത്, 'കർത്താവേ, സ്വർഗത്തിൽനിന്ന് അഗ്നി ഇറങ്ങി ഇവരെ നശിപ്പിക്കട്ടെ എന്ന് ഞങ്ങൾ പറയട്ടെയോ?' ഇതാണ് സാമ്രാജ്യത്വത്തിന്റെ ദൈവശാസ്ത്രം, ഇതേ വാക്കുകളാണ് ഇന്ന് ഞങ്ങൾക്ക് നേരെ പ്രയോഗിക്കപ്പെടുന്നത്.

ലോകം ഞങ്ങളെ തുല്യരായി ഗണിക്കുന്നില്ല എന്ന് ഈ യുദ്ധം സ്ഥിരീകരിക്കുകയാണ്. ഒരുപക്ഷെ ഞങ്ങളുടെ തൊലിയുടെ നിറമായിരിക്കാം കാരണം. അല്ലെങ്കിൽ ഒരു രാഷ്ട്രീയ സമവാക്യത്തിന്റെ തെറ്റായ വശത്തായതായിരിക്കാം കാരണം. ക്രിസ്തുവിലുള്ള നമ്മുടെ ബന്ധുത്വം പോലും ഞങ്ങൾക്ക് തുണയായില്ല. അതിനാലായിരിക്കണം ഒരു ഹമാസ് പോരാളിയെ പിടിക്കാൻ നൂറ് പലസ്തീനികളെ കുരുതികൊടുത്താലും വേണ്ടില്ല എന്നവർ പറയുന്നത്. അവരുടെ കണ്ണിൽ ഞങ്ങൾ മനുഷ്യരല്ല, പക്ഷെ ദൈവദൃഷ്ടിയിൽ അങ്ങനെയല്ല എന്നാർക്കും ഞങ്ങളോട് പറയാനാവില്ല. പാശ്ചാത്യലോകത്തിന്റെ കപടനാട്യവും, വർണ്ണവെറിയും വ്യക്തമാണ്, നടുക്കുന്നതുമാണ്. പലസ്തീനികളുടെ വാക്കുകൾ അവർ സംശയത്തോടും, വൈമനസ്യത്തോടും കൂടിയേ ശ്രവിക്കാറുള്ളൂ. ഞങ്ങളെ തുല്യരായി പരിഗണിക്കാറില്ല. എങ്കിലും വ്യാജവാർത്താവിതരണത്തിന്റെയും, നുണയുടെയും ചരിത്രമാവോളമുള്ള മറുപക്ഷത്തിന്റെ വാക്കുകൾക്ക് മിക്കവാറും എല്ലായ്പ്പോഴും തന്നെ അപ്രമാദിത്വം കല്പിക്കപ്പെടുന്നു.

മനുഷ്യാവകാശങ്ങളെയും, അന്താരാഷ്ട്രനിയമങ്ങളെയും പറ്റിയുള്ള നിങ്ങളുടെ പ്രഭാഷണങ്ങൾ ഇനിയൊരിക്കൽപോലും എനിക്ക് കേൾക്കേണ്ട എന്ന് ഒരാശയക്കുഴപ്പവുമില്ലാതെ ഞങ്ങളുടെ യൂറോപ്യൻ സുഹൃത്തുക്കളോടായി പറയുകയാണ്. നിങ്ങളുടെ തന്നെ യുക്തിയിൽ ഈ നിയമാവകാശങ്ങൾ ഞങ്ങൾ വെള്ളക്കാരല്ലാത്തവർക്ക് ബാധകമല്ല എന്നാണെന്ന് തോന്നുന്നു. ഈ യുദ്ധത്തിൽ പാശ്ചാത്യലോകത്തിലെ നിരവധി ക്രിസ്ത്യാനികൾ സാമ്രാജ്യത്വത്തിന് വേണ്ടുന്ന ദൈവശാസ്ത്രമുണ്ടെന്ന് ഉറപ്പുവരുത്തി. ഈ യുദ്ധം ആത്മരക്ഷക്കെന്നാണ് ഞങ്ങളോട് പറഞ്ഞത്. അങ്ങനെയെങ്കിൽ ഞാൻ ചോദിക്കുകയാണ്, ഒൻപതിനായിരം കുഞ്ഞുങ്ങളുടെ വധം എങ്ങനെയാണ് ആത്മരക്ഷയാകുന്നത്? 1.9 ദശലക്ഷം പലസ്തീനികളുടെ പറിച്ചുമാറ്റൽ എങ്ങനെയാണ് ആത്മരക്ഷയാകുന്നത്?

സാമ്രാജ്യത്വത്തിന്റെ മറയിൽ അധിനിവേശം ചെയ്യുന്നവനെ ഇരയായും, അധിനിവേശക്കിരയായവനെ കയ്യേറ്റക്കാരനായും അവർ മാറ്റുന്നു. അവർ രാഷ്ട്രത്തെ പറ്റി സംസാരിക്കുമ്പോൾ ഇതേ ഗസ്സക്കാരുടെ തന്നെ പട്ടണങ്ങളുടെയും, ഗ്രാമങ്ങളുടെയും അവശിഷ്ടങ്ങൾക്കു മുകളിൽ പണിതുയർത്തിയ രാഷ്ട്രത്തെപ്പറ്റിയാണ് അവർ സംസാരിക്കുന്നതെന്ന് നാം മറന്നുപോയോ? പറയൂ, നാം മറന്നുപോയോ? അവർ മറന്നുപോയോ?

ഈ നരഹത്യയിൽ സഭ വഹിക്കുന്ന പങ്ക് ഞങ്ങളെ രോഷാകുലരാക്കുന്നു. തെളിച്ചുതന്നെ പറയട്ടെ, നിങ്ങളുടെ മൗനവും ഈ തെറ്റിൽ നിങ്ങളെ പങ്കുകാരാക്കുന്നു. വെടി നിർത്തലും, അധിനിവേശത്തിന്റെ അന്ത്യവും ആവശ്യപ്പെടാതെ നടത്തുന്ന പൊള്ളയായ സമാധാനാഹ്വാനങ്ങളും, പ്രത്യക്ഷമായ യാതൊരു നടപടിക്കും മുതിരാതെ പുറപ്പെടുവിക്കുന്ന ഉപരിപ്ലവമായ സഹാനുഭൂതിയുടെ വാക്കുകളും ഈ അപരാധത്തിന്റെ ഗണത്തിൽ പെടുന്നതാണ്. ഗസ്സ ഇന്ന് ലോക സാന്മാർഗികതയുടെ തന്നെ സൂചകമായി മാറിയിരിക്കുന്നു എന്നാണ് എനിക്ക് നിങ്ങൾക്ക് തരാനുള്ള സന്ദേശം. ഒക്ടോബർ 7 ന് മുമ്പും ഗസ്സ നരകമായിരുന്നു. അന്നും ലോകം മൗനം പൂണ്ടിരുന്നു. അവർ ഇപ്പോഴും ആ മൗനം തുടരുന്നതിൽ നാം അത്ഭുതപ്പെടേണ്ടതുണ്ടോ? ഗസ്സയിൽ സംഭവിക്കുന്നത് നിങ്ങളെ നടുക്കുന്നില്ലെങ്കിൽ, ഉള്ളുലയ്ക്കുന്നില്ലെങ്കിൽ, നിങ്ങളുടെ മനുഷ്യത്വത്തിന് തന്നെ എന്തോ പ്രശ്നമുണ്ട്. ഈ വംശഹത്യയും, ബൈബിളിനെ തന്നെ ആയുധമാക്കി ഈ അതിക്രമത്തെ ന്യായീകരിക്കുന്ന പ്രവണതയും ക്രിസ്ത്യാനികളായ നമ്മെ രോഷാകുലരാക്കുന്നില്ലെങ്കിൽ നമ്മുടെ ക്രിസ്തീയ സാക്ഷ്യത്തിനുതന്നെ എന്തോ പ്രശ്നമുണ്ട്. എന്ന് മാത്രമല്ല, സുവിശേഷം നൽകുന്ന സന്ദേശത്തിന്റെ വിശ്വാസയോഗ്യതയെ തന്നെയാണ് നാം പ്രതിസന്ധിയിലാക്കുന്നത്.

ഇതൊരു വംശഹത്യയാണെന്ന് വിളിച്ചുപറയാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ അതിന്റെ കുറ്റം നിങ്ങളുടെ മേലാണ്. നിങ്ങൾ പൂർണ്ണമനസ്സോടെ പുൽകുന്ന പാപവും അന്ധകാരവും. ചില സഭകൾ വെടിനിർത്തലിന് പോലും ആഹ്വാനം ചെയ്യാൻ തയ്യാറായിട്ടില്ല. അവരോടെനിക്ക് സഹതാപം തോന്നുന്നു.

ഞങ്ങൾ തിരിച്ചുവരും. ഈയൊരു കനത്ത പ്രഹരത്തിനിരയായെങ്കിലും ഞങ്ങൾ പലസ്തീനികൾ അതിൽ നിന്നും വിടുതൽ നേടും, ഞങ്ങൾ ഉയർത്തെഴുന്നേൽക്കും. പലസ്തീനികളായ ഞങ്ങളെന്നും ചെയ്തിരുന്നതുപോലെ ഈ സംഹാരമദ്ധ്യത്തിൽ നിന്നും ഞങ്ങൾ വീണ്ടും എഴുന്നേറ്റ് നിൽക്കും. ഏറെ കാലത്തിനു ശേഷം കിട്ടിയ ഏറ്റവും വലിയ ആഘാതമാണിതെങ്കിൽ പോലും ഞങ്ങൾ തിരിച്ചുവരും. പക്ഷെ ഈ പാതകത്തിന് കൂട്ടുനിൽക്കുന്ന നിങ്ങളെയോർത്തു ഞാൻ വിഷമിക്കുന്നു. ഈ പാപത്തിൽ നിന്ന് നിങ്ങൾ എന്നെങ്കിലും മുക്തി നേടുമോ? നിങ്ങളുടെ ജീവകാരുണ്യപ്രവർത്തനങ്ങളും, വംശഹത്യക്ക് ശേഷം നിങ്ങൾ പ്രകടിപ്പിക്കുന്ന ഞെട്ടലുമൊന്നും ഒരു

വ്യത്യാസവും വരുത്തില്ല. നടുക്കത്തിന്റെ വാക്കുകൾ വന്നു തുടങ്ങിയിട്ടുണ്ടെന്ന് എനിക്കറിയാം, ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ആളുകൾ അകമഴിഞ്ഞ് സംഭാവന ചെയ്യുമെന്നും എനിക്കറിയാം. പക്ഷെ നിങ്ങളുടെ വാക്കുകൾക്ക് ഒന്നും മാറ്റാൻ കഴിയില്ല. ഖേദപ്രകടനങ്ങൾ മതിയാവില്ല നിങ്ങൾക്ക്. ഞാൻ പറയട്ടെ, ഈ നരഹത്യയ്ക്കുശേഷം നിങ്ങൾ നടത്തുന്ന ക്ഷമാപണം ഞങ്ങൾ സ്വീകരിക്കുകയുമില്ല. ചെയ്തത് ചെയ്തുകഴിഞ്ഞിരിക്കുന്നു.

ഗസ്സയിൽ ഒരു നരനായാട്ട് നടന്നുകൊണ്ടിരുന്നപ്പോൾ ഞാനെവിടെയായിരുന്നു എന്ന് ഒരു കണ്ണാടിയുടെ മുന്നിൽ ചെന്ന് നിന്ന് നിങ്ങൾ സ്വയം ചോദിക്കണം. ഇന്ന് ഞങ്ങളുടെ കൂടെയായിരിക്കുന്ന സുഹൃത്തുക്കളോട് പറയട്ടെ, ഞങ്ങളോടൊപ്പമായിരിക്കുവാൻ നിങ്ങൾ നിങ്ങളുടെ കുടുംബങ്ങളെയും, സഭകളെയും വിട്ടിവിടെ വന്നിരിക്കുകയാണ്. നിങ്ങൾ അനുഗമനം എന്ന വാക്കിന്റെ തന്നെ സാക്ഷാത്കാരമാണ്. വലിയ വിലകൊടുക്കേണ്ടിവരുന്ന ഐക്യദാർഢ്യം. യേശുവിന്റെ വചനം ഓർമ്മ വരുകയാണ്, 'ഞങ്ങൾ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ ഞങ്ങളെ സന്ദർശിച്ചു'. നിങ്ങളുടെ ഈ സാന്നിദ്ധ്യം മറ്റുള്ളവർ പുലർത്തുന്ന മൗനത്തിൽ നിന്നും, ഈ കുറ്റത്തിലെ അവരുടെ പങ്കുകൊള്ളലിലും നിന്നും എത്ര അകലെയാണ്? ഐക്യദാർഢ്യം എന്ന സങ്കല്പത്തെ നിങ്ങൾ അർത്ഥപൂർണമാക്കുന്നു. നിങ്ങളുടെ ഈ സന്ദർശനം ഞങ്ങളുടെ മനസ്സിൽ നിന്നും ഒരിക്കലും മായാത്ത ഒരു മുദ്ര പതിപ്പിച്ചിരിക്കുകയാണ്. ഞങ്ങൾ പരിത്യക്തരല്ല എന്ന് നിങ്ങളിലൂടെ ദൈവം ഞങ്ങളോട് പറയുകയാണ്. കത്തോലിക്കാ സഭയിലെ ഫാദർ റാമി പറഞ്ഞതുപോലെ, നിങ്ങൾ ബെത്‌ലെഹെമിൽ കിഴക്കുനിന്നും വന്ന മൂന്ന് ജ്ഞാനികളെ പോലെ സമ്മാനങ്ങളുമേന്തിയാണ് വന്നത്. പക്ഷെ പൊന്നും കുന്തിരിക്കവും മീറയെയുംകാൾ അനർഘമാണ് നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഈ സമ്മാനങ്ങൾ. അത് ഞങ്ങൾക്കനുഭവവേദ്യമാകുന്നുണ്ട്. ഞങ്ങൾക്കെത്രയും ആവശ്യമായിരുന്നവ. എന്തുകൊണ്ടെന്നാൽ മറ്റേത് സമയത്തെയുംകാൾ ഈ കാലത്തായിരുന്നു ദൈവത്തിന്റെ മൗനം ഞങ്ങളെ അസ്വസ്ഥപ്പെടുത്തിയിരുന്നത്. കഴിഞ്ഞ രണ്ടു മാസക്കാലയളവിനുള്ളിൽ വിലാപത്തിന്റെ സങ്കീർത്തനങ്ങൾ ഞങ്ങളുടെ അമൂല്യ സഹചാരിയായി മാറികഴിഞ്ഞിരിക്കുന്നു. ഞങ്ങൾ നിലവിളിച്ചു,

'എന്റെ ദൈവമേ, എന്റെ ദൈവമേ, അങ്ങ് ഗസ്സയെ തള്ളിക്കളയുന്നതെന്തുകൊണ്ട്? ഗസ്സയിൽനിന്നും മുഖം മറയ്ക്കുന്നതെന്തുകൊണ്ട്?' ഞങ്ങളുടെ വേദനയിലും, ക്ലേശത്തിലും, വിലാപത്തിലും ഞങ്ങൾ ദൈവത്തെ തേടുകയും, ഗസ്സയിലെ നാശകൂമ്പാരങ്ങൾക്കടിയിൽ അവനെ കണ്ടെത്തുകയും ചെയ്തിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ ഇതേ ഹിംസയ്ക്കിരയായവനാണ് ഈശോ. ഞങ്ങളുടെ ഈ നാട്ടിൽ ആയിരിക്കുമ്പോഴാണ് മറ്റുള്ളവർ കണ്ടു നിൽക്കുമ്പോൾ ഈശോ പീഡിപ്പിക്കപ്പെടുകയും, ക്രൂശിക്കപ്പെടുകയും, രക്തം ചിന്തുകയും ചെയ്തത്. അവസാനം ജീവൻ വിട്ടുപിരിയുന്നതിന് മുമ്പ് അവൻ യാതനയോടെ നിലവിളിച്ചു, 'എന്റെ ദൈവമേ, നീ എവിടെയാണ്?' ഇന്ന് ഗസ്സയിൽ ദൈവം ഈ തകർന്നടിഞ്ഞ കെട്ടിടാവശിഷ്ടങ്ങൾക്കടിയിലാണ്. ഈ ക്രിസ്തുമസ് കാലത്ത് നാം യേശുവിനെ തേടുമ്പോൾ അവനെ റോമിന്റെ ഭാഗത്തായിരിക്കില്ല, മറിച്ചു ഇവിടെ നമ്മുടെ മതിലിന്റെ വശത്തായിരിക്കും കാണാൻ സാധിക്കുക. അവൻ, അധിവേശത്തിനിരയായ ഒരു സാധാരണ കുടുംബത്തിൽ, അത്യന്തം ക്ഷതസാധ്യതയോടുകൂടി. കൂട്ടക്കൊലയിൽ നിന്നും കഷ്ടിച്ച് അതിജീവിച്ചുകൊണ്ട് ഒരു ഗുഹയിലായിരിക്കും ഉണ്ടാവുക. ഇവിടെ അഭയാർത്ഥികൾക്കിടയിൽ, അഭയാർത്ഥികുടുംബങ്ങൾക്കിടയിൽ ആണ് ഇന്ന് നിങ്ങൾക്ക് യേശുവിനെ കണ്ടെത്താൻ കഴിയുക. യേശു ഇന്നാണ് പിറക്കുന്ന

### മൂന്ന് നോമ്പ് ധ്യാനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തിവരുന്ന മൂന്നുനോമ്പ് ദിവസങ്ങളിലെ ധ്യാനം ജനുവരി 22, 23, 24 തീയതികളിൽ പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് നടക്കും. ഈ വർഷത്തെ ധ്യാനത്തിലെ മുഖ്യ ചിന്താവിഷയം 'നന്മ ചെയ്യുക, നീതി കണ്ടെത്തുക' (യെശയ്യ 1:17) എന്നതായിരിക്കും. ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ആയിരിക്കും ഓരോ ധ്യാന പ്രസംഗങ്ങളിലൂടെയും അവതരിപ്പിക്കുന്നത്. ഭദ്രാസനത്തിലെയും ഇതര ഭദ്രാസനങ്ങളിലെയും വൈദികരും വിശ്വാസികളും ഇതിൽ പങ്കുകൊള്ളും. ഓരോ ദിവസത്തെയും ആരാധനകൾക്കും പ്രാർത്ഥനകൾക്കും വായനകൾക്കും ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തകർ നേതൃത്വം നൽകും. എല്ലാ ദിവസവും രാവിലെ 9.30 ന് ആരംഭിക്കുന്ന യോഗങ്ങൾ ഉച്ചകഴിഞ്ഞ് 3 മണിയോടെ പ്രാർത്ഥനയോടെ സമാപിക്കും. ധ്യാനയോഗത്തിന്റെ ക്രമീകരണങ്ങൾക്കായി ഭദ്രാസന വൈദിക സെക്രട്ടറി ഫാ. ഡോ. റെജി അലക്സാണ്ടറുടെ നേതൃത്വത്തിലുള്ള കമ്മറ്റി പ്രവർത്തിച്ചുവരുന്നു.

തെങ്കിൽ ഗസ്സയിലെ നാശാവശിഷ്ട ങ്ങൾക്കടിയിൽ ആണ് അവൻ ജനിച്ചുവീഴുക. നാം ഗർവ്വിനെയും സമ്പത്തിനെയും വാഴ്ത്തുമ്പോൾ തകർന്ന കെട്ടിടാവശിഷ്ടങ്ങൾ ക്കടിയിൽ യേശു പെട്ടുപോവുക യാണ്. നാം അധികാരത്തെയും പ്രതാപത്തെയും ആയുധത്തെയും ആശ്രയിക്കുമ്പോൾ, ഇടിച്ചുനിർ ത്തപ്പെട്ട കെട്ടിടങ്ങൾക്കടിയിൽ യേശു ആഴ്ന്നുപോവുകയാണ്.

കുഞ്ഞുങ്ങളെ ബോംബിട്ട് നിഗ്രഹിക്കുന്ന പ്രവൃത്തിയെ നീതീകരിക്കുകയും, ന്യായീകരി ക്കുകയും, ദൈവശാസ്ത്രവൽക്കരി ക്കുകയും ചെയ്യുമ്പോൾ കോൺ ക്രീറ്റ് കഷ്ണങ്ങൾക്കും ചരലിനു മടിയിൽ യേശു ഞെരിഞ്ഞമരുക യാണ്. ഈ കൽകൂമ്പാരങ്ങൾക്കടി യിലാണ് യേശു. ഇതാണവന്റെ പുൽക്കൂട്. അരികുവത്കരിക്ക പ്പെട്ടവർക്കും, പീഡിതർക്കും, അടി ച്ചമർത്തപ്പെട്ടവർക്കും, സ്വദേശത്തു നിന്നും പിഴുതുമാറ്റപ്പെട്ടവർക്കുമി ടയിലാണവൻ. ഇതാണവന്റെ പുൽ ക്കൂട്. കഴിഞ്ഞ കുറച്ചു ദിവസമായി നാശാവശിഷ്ടങ്ങൾക്കടിയിൽപ്പെട്ട ക്രിസ്തുബിംബത്തെ ഞാൻ നിരീ ക്ഷിക്കുകയും ധ്യാനിക്കുകയും ചെ യ്യുകയായിരുന്നു. ദൈവം തന്നെ യാണ് ഇതേ രൂപത്തിൽ നമ്മോ ടൊപ്പമായിരിക്കുന്നത്. ഇതാണ് മനുഷ്യനായി അവതരിച്ച ഈശോ. അലങ്കോലപ്പെട്ട, രക്തപങ്കിലമായ, ദരിദ്രമായ അവസ്ഥ. ഇത് തന്നെ യാണ് മനുഷ്യാവതാരം.

ഈ ശിശുവാണ് നമ്മുടെ പ്രതീക്ഷയും, പ്രചോദനവും. കൊല്ലപ്പെട്ട ഓരോ കുഞ്ഞുങ്ങ ളിലും, കല്ലിനും മണ്ണിനുമടിയിൽ നിന്നും പൊക്കിയെടുത്ത ഓരോ കുരുന്നുശരീരത്തിലും നാം യേശു വിനെ നോക്കുകയും കാണുകയും ചെയ്യുന്നു. ലോകം ഗസ്സയിലെ ഈ കുട്ടികളെ നിഷേധിക്കുമ്പോൾ യേശു പറയുന്നു, 'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊ ടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത്'; 'നിങ്ങൾ എനിക്ക് തന്നെയാണ് ചെയ്തത്'; അവർ ത ന്റെ സ്വന്തമാണെന്ന് പറയുക മാത്ര മല്ല യേശു ചെയ്യുന്നത്, അവരിലൊ രുവൻ തന്നെയാണ് അവൻ. ഗസ്സ യിലെ കുഞ്ഞുങ്ങളാണ് യേശു. തിരുക്കുടുംബത്തെ നോക്കു മ്പോൾ, പറിച്ചുമാറ്റപ്പെട്ട, അലഞ്ഞു ഴലാൻ വിധിക്കപ്പെട്ട, വീടുകൾ നഷ്ടപ്പെട്ട, ഹതാശരായ ഓരോ കുടുംബങ്ങളിലും നമുക്കവരെ കാണാം. ഒരു ഗ്യാരേജിലെ ആർ ക്കുംവേണ്ടാത്ത കടലാസുപെട്ടിക ളെയെന്ന ലാഘവത്വത്തോടെ ലോകം ഗസ്സയിലെ ജനങ്ങളുടെ ഭാവിയെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ക്രിസ്തുമസ് ആഖ്യാനത്തിലെ ദൈവം ആ ഹതഭാഗ്യരുടെ വിധിയാണ് പങ്കിടുന്നത്. അവൻ അവരോടൊപ്പം സഞ്ചരിക്കുന്നു, തന്റെ സ്വന്തമെന്ന് അവരെ വിശേ ഷിപ്പിക്കുന്നു. അപ്പോൾ ദൃഢതയെ യാണ് ഈ പുൽക്കൂട് പ്രതിനിധീ കരിക്കുന്നത്... യേശുവിന്റെ ദൃഢത അവന്റെ ശാന്തശീലതയിലും അശ ക്തിയിലും ക്ഷതസാധ്യതയിലുമാ ണുള്ളത്. മനുഷ്യാവതാരത്തിന്റെ മഹത്വം അരികുവൽക്കരിക്കപ്പെട്ട വരുമായുള്ള ഐക്യദാർഢ്യത്തി ലാണ് കുടികൊള്ളുന്നത്. ദൃഢത എന്ന് പറയുമ്പോൾ, യാതനയു ടെയും, നാശത്തിന്റെയും, അന്ധ കാരത്തിന്റെയും, മരണത്തിന്റെയും മദ്ധ്യേനിന്നും ഉയർന്നുവന്ന് സാ മ്രാജ്യങ്ങളെ വെല്ലുവിളിക്കുകയും, അധികാരത്തോട് സത്യം വിളിച്ചു പറയുകയും, മരണത്തിന്റെയും അന്ധകാരത്തിന്റെയും മുകളിൽ ശാശ്വത വിജയം വരിക്കുകയും ചെയ്ത ആ ശിശുവാണ് നമ്മുടെ മുന്നിലുള്ള മാതൃക. ഇതേ ശിശു വാണ് ആ വിജയം നേടിയത്.

ഇതാണ് പലസ്തീനിലെ ക്രിസ്തുമസ്, ഇതാണ് ക്രിസ്തു മസ് സന്ദേശം. സാന്താക്ളോസും, ക്രിസ്മസ് ട്രീകളും, സമ്മാനപ്പൊ തികളും, അലങ്കാരദീപങ്ങളുമല്ല ക്രിസ്തുമസ്. ക്രിസ്തുമസ്സിന്റെ പൊരുളിനെ എത്രമാത്രം നാം വള ച്ചൊടിച്ചിരിക്കുന്നു. ക്രിസ്തു മസ്സിനെ എങ്ങനെ നാം വാണിജ്യ വത്കരിച്ചിരിക്കുന്നു. കഴിഞ്ഞ മാസം താങ്ക്സ് ഗിവിങ്ങിന്റെ പിറ്റേ തിങ്കളാഴ്ച ഞാൻ അമേരിക്കയിൽ തങ്ങാനിടയായി. അവിടുത്തെ ക്രിസ്മസ് അലങ്കാരങ്ങളുടെയും, ദീപങ്ങളുടെയും, വിപണിയിൽ കിട്ടുന്ന നിരവധി ക്രിസ്മസ് വസ് തുക്കളുടെയും ബാഹുല്യം എന്നെ അത്ഭുതപ്പെടുത്തി. എനിക്കിങ്ങ നെ ചിന്തിക്കാതിരിക്കാനായില്ല:

തങ്ങളുടെ രാജ്യത്ത് ക്രിസ് തുമസ് ആഘോഷിച്ചുകൊണ്ട് അവർ ഞങ്ങൾക്ക് നേരെ ബോം ബുകളയക്കുന്നു. തങ്ങളുടെ ദേശ ത്തിൽ സമാധാനത്തിന്റെ രാജകു മാരനെ വാഴ്ത്തി പാടിക്കൊണ്ട് അവർ ഞങ്ങളുടെ നാട്ടിൽ യുദ്ധ ത്തിന്റെ പെരുമ്പറ കൊട്ടുന്നു. ബെത്‌ലെഹെമിലെ ക്രിസ്തുമസ്, ക്രിസ്തു പിറന്നു വീണ നാട്ടിലെ ക്രിസ്തുമസ്, ഈ പുൽക്കൂട്ടി ലാണ്. ലോകത്തിനു നൽകാനുള്ള ഞങ്ങളുടെ സന്ദേശം ഇതാണ്. ആ സന്ദേശം സുവിശേഷത്തിന്റെ സ ന്ദേശമാണ്. സത്യമായ, യഥാർത്ഥ സന്ദേശം. അത് മൗനത്തിലാഴ്ന്നി രിക്കാതെ, വചനമരുൾചെയ്ത ദൈവത്തിന്റെ, ആ വചനം യേശു വായി രൂപമെടുത്ത ദൈവസന്ദേ ശം. അധിനിവേശത്തിനിരയായ വരുടെയും അരികുവൽക്കരിക്ക പ്പെട്ടവരുടെയും ഇടയിൽ പിറന്നു വീണവൻ.

ഞങ്ങളുടെ വേദനയിലും തകർച്ചയിലും ഞങ്ങളുടെ മദ്ധ്യേ യായിരിക്കുന്നവൻ. ഇന്ന് ഞങ്ങൾ ലോകത്തിന് നല്കാനുദ്ദേശിക്കുന്ന സന്ദേശം ഇതാണ്, അത് മറ്റൊന്നു മല്ല: ഈ വംശഹത്യ ഇപ്പോൾ നിലയ്ക്കണം. ഈ നരഹത്യ ഇപ്പോൾ അവസാനിപ്പിക്കണം. ഇതാണ് ഞങ്ങളുടെ ആഹ്വാനം. ഞങ്ങളുടെ അപേക്ഷ. ഞങ്ങളുടെ പ്രാർത്ഥന. ഓ ദൈവമേ, ഞങ്ങളെ കേൾക്കേണമേ. ആമ്മേൻ.

*പരിഭാഷ: ഗ്രീഷ്മ ജോൺ*
*(ഗവേഷക, ബാംഗ്ലൂർ)*

വനിതാപംക്തി

# വേദപുസ്തകം ഒരു പുനർവായന-5

**ജിജി ജോൺസൺ**

**യേശുവും സ്ത്രീകളും: ഉപമകളിലും അത്ഭുതങ്ങളിലും**

യേശുവിന്റെ ഉപമകൾ ലളിതവും ദൈനംദിന ജീവിതത്തിലൂടെ ആഴമേറിയ ബിംബങ്ങൾ ഉൾക്കൊള്ളുന്ന പഠിപ്പിക്കലുകളുമാണ്. മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളവയെ എളുപ്പത്തിൽ മനസിലാക്കി കൊടുക്കാനാണല്ലോ ഉപമകൾ ഉപയോഗിക്കുന്നത്. യേശുവിന്റെ ചുറ്റും കൂടിയിരുന്ന ആളുകൾക്ക് ദൈവരാജ്യ മർമ്മങ്ങൾ മനസിലാക്കി കൊടുക്കാൻ അവർക്ക് പരിചയമുള്ള വസ്തുക്കളും സംഭവങ്ങളുമാണ് യേശു ഉപയോഗിക്കുന്നത്. അതിൽ സ്ത്രീ സൗഹൃദമായ ഉപമകളും ഉൾപ്പെടുത്തിയിരുന്നു എന്നത് ശ്രദ്ധേയമാണ്.

**Feminine image of God**

യേശു പറഞ്ഞ മൂന്ന് ഉപമകളാണ് ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കു ന്നത്. ചുങ്കക്കാരും പാപികളും സ്ത്രീകളും ഉൾപ്പടെ സമൂഹത്തിൽ പുറംതള്ളപ്പെട്ടവരും യേശുവിന്റെ അരികിൽ വരുകയും അവൻ അവരെ സ്വീകരിച്ച് അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു. നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ തേടിയെത്തുന്ന ദൈവ സ്നേഹമാണ് യേശു വെളിപ്പെടുത്തിയത്.

കാണാതെ പോയ ആടിന്റെ ഉപമയാണ് 3-7 വരെയുള്ള വാക്യങ്ങളിൽ വിശദീകരിക്കുന്നത്. 11-32 വരെ മുടിയനായ പുത്രന്റെ ഉപമയും. ഇതിനിടയിലായാണ് കാണാതായ നാണയത്തിന്റെ ഉപമ (8-10). ഈ ഉപമ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മറ്റു രണ്ട് ഉപമകളിലും ദൈവത്തെ ചിത്രീകരിക്കുവാൻ പുരുഷന്മാരുടെ ദൃഷ്ടാന്തം ഉപയോഗിക്കുമ്പോൾ (ഇടയൻ, പിതാവ്) കാണാതെ പോയ നാണയത്തിന്റെ ഉപമയിൽ ഒരു സ്ത്രീയുടെ ദൃഷ്ടാന്തമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇടയന്റെയും മുടിയനായ പുത്രന്റെ പിതാവിനെയും നമുക്ക് പരിചിതമാണ്. അവരെ കുറിച്ച് ധാരാളം പ്രസംഗങ്ങൾ കേൾക്കാറുമുണ്ട്. എന്നാൽ നാണയം തിരയുന്ന സ്ത്രീയുടെ ചിത്രം വിരളമായേ കേൾക്കാറുള്ളു. അതും പൊതുവെ സ്ത്രീകളുടെ സ്വഭാവത്തെ കുറിച്ചാകും വിവരിക്കുക. എന്നാൽ നാണയം കണ്ടെത്തുന്നതുവരെ തിരച്ചിൽ നടത്തുന്ന സ്ത്രീ, നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ തിരികെ ചേർക്കുന്നതുവരെ അന്വേഷിക്കുന്ന ദൈവത്തിന്റെ ദൃഷ്ടാന്തമാണ്. തന്റെ മക്കളിൽ ഒരാൾ പാപത്തിൽ നഷ്ടപ്പെടുമ്പോൾ ആ സ്ത്രീ പ്രകടിപ്പിക്കുന്ന അതേ വികാരങ്ങൾ തന്നെയാണ് ദൈവത്തിലും ഉണ്ടാകുന്നത്. ദൈവത്തിന്റെ നിരാശയും ഹൃദയ വേദനയും അങ്ങനെതന്നെയാണ്. അന്വേഷിക്കുന്നു, കണ്ടെത്തുമ്പോൾ ആഹ്ലാദം പങ്കുവെക്കുന്നു. ദൈവത്തിന്റെ സ്ത്രീഭാവം ഈ ഉപമയിൽ നമുക്ക് കാണാം.

മറ്റൊരവസരത്തിൽ ദൈവത്തെ ഒരമ്മയുടെ ദൃഷ്ടാന്തത്തിലൂടെ യേശു വെളിപ്പെടുത്തിയിട്ടുണ്ട്. യരുശലേമിനെക്കുറിച്ചുള്ള വിലാപത്തിലാണത്. തള്ളക്കോഴി കുഞ്ഞുങ്ങളെ ചേർത്ത് നിർത്തുന്നതാണ് ദൃഷ്ടാന്തം. 'യരുശലേമെ, യരുശലേമെ പ്രവാചകരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ എത്രവട്ടം ചേർത്ത് കൊൾവാൻ എനിക്ക് മനസ്സായിരുന്നു; നിങ്ങൾക്കൊ മനസ്സായില്ല' (ലൂക്കോസ്: 13:34).

**പുളിമാവിന്റെ ഉപമ: (മത്താ: 13:33, ലൂക്കോ:13: 21,22).**

ദൈവരാജ്യത്തെ സദൃശ്യപ്പെടുത്തിയാ ണ് ഈ ഉപമ ഉപയോഗിച്ചിരിക്കു ന്നത്. ഇതിന് തൊട്ടുമുൻപ് പരാമർശിക്കുന്നത് വിതക്കാരന്റെയും കടു കുമണിയുടേയും ഉപമകളാണ്. തന്റെ മുന്നിലിരിക്കുന്ന ജനങ്ങൾ കൃഷിയിലേർപ്പെടുന്ന പുരുഷന്മാരോടൊപ്പം ഗൃഹജോലിയിലുള്ള സ്ത്രീകളുമുണ്ട് എന്നും അവരും ദൈവരാജ്യത്തിന്റെ പങ്കാളികളായതുകൊണ്ട് അവർക്ക് പരിചയമുള്ള മേഖല കൂടി തിരഞ്ഞെടുക്കാൻ യേശു ശ്രദ്ധിക്കുന്നു.

**സൗഖ്യദാന ശുശ്രൂഷ:**

സൗഖ്യം എന്നത് കേവലം ശാരീരിക സൗഖ്യം മാത്രമല്ല. സമൃദ്ധമായ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യങ്ങളിലാണ് യേശുവിന്റെ ഇടപെടലുകളും സൗഖ്യദാനവും നാം കാണുന്നത്. സാമൂഹിക-സാംസ്കാരിക-മത നിയമങ്ങൾ സ്ത്രീകളെ അടിച്ചമർത്തിയിരുന്ന സാഹചര്യങ്ങളിലാണ് അവരെ വീണ്ടെടുക്കുന്ന യേശുവിന്റെ വിമോചനസ്വരം നാം കേൾക്കുന്നത്.

**രക്തസ്രാവക്കാരിയായ സ്ത്രീ:**

സമവീക്ഷണ സുവിശേഷകർ മൂന്ന് പേരും വിവരിക്കുന്ന ഒരു സംഭവമാണിത്.യായിറോസിന്റെ മകളെ സൗഖ്യമാക്കാൻ പോകുമ്പോഴാണ് വഴിക്ക് വച്ച് യേശുവിന്റെ വസ്ത്രത്തിൽ തൊട്ട് ഈ സ്ത്രീ സൗഖ്യം പ്രാപിച്ചത്. ആ ബാലികയുടെ രോഗവും മരണവും യേശു അവളെ ഉയർപ്പിച്ചതുമായ വിഷയങ്ങളുടെ ഇടയിലാണ് ഈ വിവരണം. മൂന്നു സുവിശേഷകരും ഈ സ്ത്രീയുടെ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. (മത്തായി:9: 18-28, മർക്കോസ്:5:21-43, ലൂക്കോസ്: 8:40-50). അവൾക്ക് പേരില്ല എങ്കിലും മൂന്നുപേരും എടുത്തു പറയുന്ന കാര്യം, ദീർഘകാലമായി രക്തസ്രാവം ബാധിച്ച ഒരു രോഗിണിയാണവൾ. പന്ത്രണ്ട് വർഷം വൈദ്യന്മാർ മാറി മാറി ചികിത്സിച്ചു. അവർ പറഞ്ഞതെല്ലാം ചെയ്തു ഉള്ളതെല്ലാം ചിലവഴിച്ചു. സൗഖ്യം ലഭിച്ചില്ല. എന്നാൽ ശാരീരിക രോഗത്തേക്കാൾ അവളെ വിഷമിപ്പിച്ചത് ഇതിന്റെ

പേരിൽ സമൂഹം അവളെ അശുദ്ധ യായി കണ്ട് അവളിൽ അടിച്ചേൽപ്പിക്കുന്ന വിലക്കുകളും അവയുണ്ടാക്കുന്ന വ്യഥയും എല്ലാമായിരിക്കണം. കാരണം സ്ത്രീകൾക്കുണ്ടാകുന്ന രക്തസ്രാവത്തെ കുറിച്ച് പഴയനിയമത്തിൽ വ്യക്തമായ നിയമങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (ലേവ്യ: 15:19-26). അവൾ കിടക്കുന്ന കിടക്കയും ഇരിക്കുന്ന ഇടവും നടക്കുന്ന വഴിയും അവൾ തൊടുന്നതോ അവളെ തൊടുകയോ ചെയ്യുന്നതെല്ലാം അശുദ്ധമാകും. ഇത് അനേകം സ്ത്രീകളെ ബാധിച്ചിരുന്ന ഒരു രോഗമായിരുന്നു. ഇത്തരത്തിലുള്ള ഹതഭാഗ്യമാരുടെ പ്രതിനിധിയാണ് ഈ സംഭവത്തിലെ കഥാപാത്രം. രോഗവും അതിലേറെ കുറ്റബോധവും സമൂഹത്തിന്റെ പരിഹാസവും അവളെ തളർത്തി. എന്നാലും അവൾ കീഴടങ്ങാൻ തയ്യറായില്ല. സമൂഹം നിശ്ചയിച്ച വേലിക്കെട്ടുകളെ മറികടന്നാണ് യേശുവിന്റെ അരികിലെത്തിയത്. തന്റെ സ്പർശനം മറ്റുള്ളവരെ അശുദ്ധരാക്കും എന്ന മതനിയമം ഒന്നും അവളെ തടഞ്ഞില്ല. യേശുവിലുള്ള വിശ്വാസമായിരിക്കും അവളെ ഈ സാഹസത്തിന് പ്രേരിപ്പിച്ചത്. അവളുടെ സാഹസികത ഫലം കണ്ടു. വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട മാത്രയിൽ തന്നെ സൗഖ്യം ലഭിച്ചു. കേവലം ഒരു രോഗസൗഖ്യം മാത്രമായിരുന്നെങ്കിൽ അവിടെ അവസാനിച്ചേനെ. എന്നാൽ യേശു അത് പരസ്യമായി ചോദ്യം ഉയർത്തി ജനശ്രദ്ധയിലേക്ക് കൊണ്ടുവന്നു. എന്താണ് സംഭവിച്ചതെന്ന് അവൾ തന്നെ പ്രഖ്യാപിക്കുകയാണ്. വലിയൊരു വിമോചനത്തിന്റെ അടയാളമായിരുന്നു ആ വിശ്വാസപ്രഖ്യാപനം. 'മകളെ' എന്നുള്ള യേശുവിന്റെ സംബോധനയിൽതന്നെ അലിവും ആർദ്രതയും വഴിഞ്ഞൊഴുകുന്നുണ്ട്. ശാസിക്കാനും ശിക്ഷിക്കാനുമല്ല യേശു അവളെ മുന്നിലേക്ക് കൊണ്ടുവന്നത്, അവൾക്കും സമൂഹത്തിനും വലിയൊരു പാഠം നൽകാനും കൂടിയായിരുന്നു. അവളുടെ രോഗത്തിന്റെ വ്യഥകളും മതനിയമങ്ങൾ അടിച്ചേൽപ്പിച്ച വിലക്കുകളും സമൂഹം കല്പിക്കുന്ന ഭൃഷ്ടുകളും എല്ലാമാണ് 'സമാധാനത്തോടെ പോക' എന്ന ആശീർവാദം കൊണ്ട് നീക്കികളഞ്ഞത്.

**കൂനിയായ സ്ത്രീ: (ലൂക്കോസ്: 13:10,17)**

ബൈബിളിലെ മറ്റ് പല സ്ത്രീകളേയും പോലെ അവൾക്ക് പേരില്ല. 18 വർഷമായി നിവർന്ന് നിൽക്കാൻ അവൾക്ക് സാധിച്ചിട്ടില്ല. മനുഷ്യനെ ബലഹീനമാക്കുന്ന രോഗാത്മാവ് ബാധിച്ചതാണ് അവൾക്ക് നിവർന്ന് നിൽക്കാൻ സാധിക്കാത്തത്. സുവിശേഷകൻ ഈ സ്ത്രീയെ ഒരു പ്രതീകമായും പ്രതിനിധിയുമായിട്ടാണ് അവതരിപ്പിക്കുന്നത്. അടിച്ചമർത്തലിന്റേയും പാരതന്ത്ര്യത്തിന്റെയും പ്രതീകവും ഇവകൊണ്ട് സമൂഹത്തിൽ നിവർന്ന് നിൽക്കാൻ കഴിയാതെ പോകുന്ന സ്ത്രീകളുടെ പ്രതിനിധിയുമാണ്. യേശു ജീവിച്ചിരുന്ന സമൂഹത്തിലെ സ്ത്രീകളുടെ പൊതുവായ അവസ്ഥയാണ് അവളിൽ പ്രതിഫലിക്കുന്നത്. സ്ത്രീകൾക്ക് സ്വന്തവും സ്വതന്ത്രവുമായ ഒരസ്ഥിത്വം അംഗീകരിക്കപ്പെട്ടിരുന്നില്ല. യേശുവിന്റെ കരസ്പർശം കൊണ്ട് പതിനെട്ട് വർഷമായി അവൾ ചുമന്ന ഭാരമാണ് അവളിൽ നിന്നും നീക്കികളഞ്ഞത്. പൊടുന്നനെയുണ്ടായ മാറ്റം, നിവർന്ന് നിൽക്കാൻ സാധിച്ചപ്പോൾ കിട്ടിയ ആശ്വാസം, സന്തോഷം എല്ലാം ചേർന്നാണ് ദൈവത്തെ മഹത്വപ്പെടുത്തുന്നത്. ഇവിടെയും സൗഖ്യദാനം കൊണ്ട് അവസാനിക്കുന്നില്ല, ഒരു വലിയ തർക്കത്തിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. ശാബത്ത് ലംഘനമാണ് വിഷയം. ശാബത്തിനെ കുറിച്ചുള്ള അവരുടെ വികലമായ കാഴ്ചപ്പാടുകൾ മാറ്റുക മാത്രമല്ല, ഇവൾ അബ്രാഹമിന്റെ പുത്രിയാണെന്നുള്ള പ്രഖ്യാപനവും നടത്തുന്നു. യേശുവിന്റെ വിമോചന സ്വരമാണ് സ്ത്രീ സമൂഹം അവിടെ കേൾക്കുന്നത്, 'നീ വിമോചിതയായിരിക്കുന്നു. ആരുടേയും മുൻപിൽ കൂനി നിൽക്കേണ്ടവളല്ല. യേശുവിനെ നേരിട്ടറിയുമ്പോൾ കെട്ടുകൾ അഴിയും, ഭാരങ്ങൾ മാറും, നട്ടെല്ലിന് ബലം ലഭിക്കും. സ്വാതന്ത്ര്യത്തോടെ നിവർന്ന് നിന്ന് ഉന്നത ദർശനങ്ങൾ കാണാനും ദൈവത്തെ മഹത്വപ്പെടുത്താനും കഴിയും'.

**കനാന്യസ്ത്രീ: (മർക്കോസ്: 7:24-30, മത്തായി: 15:21-28)**

വിജാതീയ പട്ടണമായ സോരിൽ വച്ചാണ് ഈ സംഭവം നടക്കുന്നത്. കനാന്യസ്ത്രീ തന്റെ മകളുടെ രോഗസൗഖ്യത്തിനായാണ് യേശുവിനെ സമീപിക്കുന്നത്. അവളുടെ നിർബന്ധപൂർവ്വമായ അപേക്ഷക്ക് വഴങ്ങിയാണ് അവരുടെ മകളെ സൗഖ്യമാക്കുന്നതിന് യേശു തയ്യാറായതെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ഇതുപോലുള്ള മറ്റു സന്ദർഭങ്ങളിൽ, തക്കതായ മറുപടി യേശു നൽകുകയും അതോടെ ആ സംഭവം അവസാനിക്കാറുമാണ് പതിവ്. ഇവിടെ ഒരു പടി കൂടി മുന്നോട്ടുപോകുന്നു. സന്ദർഭോജിതമായ ഒരു പ്രത്യുത്തരം ആ സ്ത്രീ നൽകാൻ ധൈര്യം കാട്ടി എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. 'അതേ കർത്താവെ നായ്ക്കൾ പോലും യജമാനന്മാരുടെ മേശയിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ തിന്നാറുണ്ടല്ലോ'(15:27). ഇതു പറയുമ്പോൾ കൂടുതൽ ശരിയായ ഒരു നിരീക്ഷണം യേശുവിന്റെ ചിന്തക്ക് സമർപ്പിക്കുവാൻ അവൾക്ക് കഴിഞ്ഞു എന്ന പ്രതീതി ഉണ്ടാവുന്നുണ്ട്.

അങ്ങനെ യേശുവിലുള്ള വിശ്വാസത്തോടൊപ്പം തന്റെ ബുദ്ധിസാമർത്ഥ്യവും തന്റേടവും അവൾ പ്രകടിപ്പിക്കുന്നു. യേശു അതിൽ സംതൃപ്തനായി. 'സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് ഭവിക്കട്ടെ.' യഹൂദേതരരിൽപെട്ട ഒരാൾ യേശുവിൽ തന്റെ വിശ്വാസം ആദ്യമായി വെളിപ്പെടുത്തുന്ന സംഭവമാണിത്. ആ വ്യക്തി സ്ത്രീയാണെന്ന വസ്തുത ശ്രദ്ധേയമാണ്.തന്റെ ശുശ്രൂഷ യിസ്രയേൽക്കാരിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ലെന്നും അത് വ്യാപകമായി യഹൂദേതര ജനവിഭാഗങ്ങളിലേക്ക് വ്യാപിക്കേണ്ടതാണെന്നുള്ള യേശുവിന്റെ വീക്ഷണം ഈ സൗഖ്യദാനത്തിലൂടെ വെളിപ്പെടുത്തി. *(തുടരും)*

RNI No. KERMAL/2012/46014 | Date of Publication 15/01/2024 | Licence No. KL/CR/ALY/WPP-02/2022-24
Registered. Reg. No. KL/ALY/0067/2022-2024 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

*2-ാം പേജ് തുടർച്ച...*

അതുകൊണ്ട് വിഭാഗീയകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, ഭിന്നിപ്പിച്ച് നേട്ടം കൊയ്യാൻ ശ്രമിക്കുന്ന കക്ഷി രാഷ്ട്രീയ പ്രവർത്തനവും ആത്മീയതയിൽ ഊന്നി നിന്ന് എല്ലാവരെയും അനുരഞ്ജനപ്പെടുത്തി ഒന്നാക്കാൻ യത്നിക്കുന്ന വൈദികവൃത്തിയും സത്യസന്ധമായി ഒരുമിച്ച് കൊണ്ടുപോകാനാവില്ല എന്ന് വ്യക്തം. വൈദികർ കക്ഷി രാഷ്ട്രീയത്തിൽ പ്രവർത്തിച്ചാൽ അത് വൈദികവൃത്തിയുടെ അന്തഃസത്ത തകർക്കും എന്നത് അവിതർക്കിതമാണ്. ഈ വൈദികരിൽ ഒരാൾ സംസ്ഥാനം ഭരിക്കുന്ന കക്ഷിയുടെ സഹയാത്രികനും നേതാക്കളുടെ പ്രിയങ്കരനുമായതുകൊണ്ടും മറ്റേയാൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയിലുമാണ് ചേർന്നിരിക്കുന്നത് എന്നതുകൊണ്ടും ഈ വിഷയത്തെ എങ്ങനെ സമീപിക്കണമെന്നും ഈ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കണമെന്നും സഭ ഇരുട്ടിൽ തപ്പുകയാണോ എന്ന് ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ തോന്നിപ്പോയാൽ അത്ഭുതപ്പെടാനില്ല. എന്തായാലും സഭ ഈ വിഷയത്തെ ഗൗരവമായി കാണേണ്ടതും ഇത്തരം പ്രവണതകൾക്ക് പിന്നിലെ കാരണങ്ങളെ അന്വേഷിച്ച് കണ്ടെത്തി പരിഹരിക്കേണ്ടതുമാണ് എന്ന കാര്യം സൂചിപ്പിക്കട്ടെ.

ഒരു പ്രശ്നം കൂടി പരാമർശിച്ച് ഈ കുറിപ്പ് ഉപസംഹരിക്കാം. എന്തുകൊണ്ടാണ് ക്രിസ്ത്യൻ പുരോഹിതർ പ്രത്യേകിച്ചും ഓർത്തഡോക്സ് വൈദികർ-നേരിട്ടോ പരോക്ഷമായോ കക്ഷിരാഷ്ട്രീയത്തിൽ പങ്കെടുക്കുന്നത്? സങ്കീർണ്ണമാണ് ഈ പ്രശ്നം; ബഹുതല സ്പർശിയുമാണ്. ക്രിസ്ത്യൻ വ്യവഹാരത്തിലെ discourse-ഒരു പ്രയോഗപ്രകാരം 'ദൈവികവിളി'യാൽ പ്രചോദിതരായ ആളുകളാണ് വൈദികവൃത്തിയിലേക്ക് കടന്നു വരേണ്ടത്. കാരണം ആത്മീയതയ്ക്കും ധാർമ്മികതയ്ക്കും മർമ്മ പ്രാധാന്യമുള്ള കർമ്മരംഗമാണിത്. നിർഭാഗ്യവശാൽ ഉൾവിളിയുടെ പ്രേരണ കൊണ്ടല്ല, മറിച്ച് മറ്റുപല സമ്മർദ്ദങ്ങൾ കൊണ്ടുമാണ് ഈ മേഖലയിൽ പ്രവർത്തിക്കാൻ യുവാക്കൾ തയ്യാറാകുന്നത്.

മറ്റുള്ളവർ പ്രതിഫലം സ്വീകരിച്ച് ചെയ്യുന്ന തൊഴിൽ പോലെ ഒരു തൊഴിൽ മാത്രമാണ് ബഹുഭൂരിപക്ഷം പേർക്കും വൈദികവൃത്തി, പൗരോഹിത്യത്തിന്റെ ആത്മീയതയും ധാർമ്മികതയും അവർക്ക് അപരിചിതവും അന്യവുമാണ്. സെമിനാരി വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്പോലും ഇതൊന്നും മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവർക്ക് അവസരം ലഭിക്കുന്നുമില്ല എന്നാണ് സമീപകാല സംഭവങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടത്! അതുകൊണ്ട് അവരിൽ നിന്നും ആത്മീയ മാർഗ്ഗദർശനമോ, ധാർമ്മികനേതൃത്വമോ പ്രതീക്ഷിക്കേണ്ടതില്ല.

ഓർത്തഡോക്സ് സഭയിലെ പൗരോഹിത്യസംവിധാനത്തിൽ വിശ്വാസിസമൂഹവുമായി നേരിട്ട് ഇടപെടുന്ന അച്ചന്മാർ മാർഗ്ഗദർശനത്തിനും മാതൃകയ്ക്കും നേതൃത്വത്തിനും സംരക്ഷണത്തിനുമായി എന്നും ഉറ്റുനോക്കുന്നത് ഭദ്രാസന/ഇടവക മെത്രാപ്പോലീത്തമാരെയാണ്. ഇടവക മെത്രാപ്പോലീത്ത മാതൃകാ യോഗ്യനാണെങ്കിൽ അദ്ദേഹത്തോടൊപ്പം-അദ്ദേഹത്തിന്റെ 'കീഴിൽ' അല്ല-പ്രവർത്തിക്കുന്ന അച്ചന്മാരുടെ ശുശ്രൂഷയുടെ ഗുണനിലാവരം മെച്ചപ്പെട്ടതായിരിക്കും; അത് കൂടുതൽ മെച്ചപ്പെട്ടുകൊണ്ടുമിരിക്കും. സ്വഭാവശുദ്ധിയും വിശ്വാസദാർഢ്യവും നിർഭയത്വവുമുള്ള മെത്രാപ്പോലീത്ത, തന്നോടൊപ്പം ശുശ്രൂഷ ചെയ്യുന്ന വൈദികർക്ക് സുരക്ഷിതത്വബോധം പകർന്നു നല്കുകയും ചെയ്യുന്നു. മാത്രമല്ല ഇപ്രകാരം ശുശ്രൂഷ നിർവഹിക്കപ്പെടുന്ന ഭദ്രാസനങ്ങളിലെ വൈദികർക്കിടയിൽ പരസ്പരസ്നേഹവും കരുതലും സഹകരണവും ശക്തിപ്പെടുകയും മികച്ച സംഘബോധമുണ്ടാവുകയും ചെയ്യും. ഇത് വൈദികർക്ക് കരുത്ത് പകരുന്ന ധാർമ്മിക മൂലധനമാണ് എന്നാണ് ഞാൻ അവരിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളത്.

ഭദ്രസാന മെത്രാപ്പോലീത്തമാരിൽ നിന്നും സഹവൈദികരിൽ നിന്നും ലഭിക്കേണ്ട ഇത്തരം കരുതലിന്റെയും സഹകരണത്തിന്റെയും അഭാവമാണ് പുതിയ മേച്ചിൽപുറങ്ങൾ തേടി വഴിമാറി പോകാൻ പലപ്പോഴും വൈദികരെ പ്രേരിപ്പിക്കുന്നത് എന്നതാണ് വസ്തുത. സ്വന്തം സഭാതലം ഒരു മരീചികയായി അനുഭവപ്പെടുന്ന നിരാശയിൽ നിന്നാണ് രാഷ്ട്രീയ കക്ഷികളിലും, കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലും അക്കരപച്ച തേടിപ്പോകാൻ പലരേയും നിർബന്ധിക്കുന്നത്. നാവുകൊണ്ട് ദൈവത്തെ സ്തുതിക്കുകയും മനസ്സുകൊണ്ടും, ഹൃദയം കൊണ്ടും ആത്മാവു കൊണ്ടും മാമ്മോനെ ആരാധിക്കുകയും ചെയ്യുന്നവരാൽ നയിക്കപ്പെടുന്ന സ്ഥാപനമായി സഭ അധഃപതിക്കുന്നതിന്റെ പ്രത്യാഘാതങ്ങളുടെ നേരടയാളങ്ങളിൽ ഏറ്റവും നിസ്സാരങ്ങളായ ചിലതുമാത്രമാണ് ചുവപ്പും കാവിയും പുതയ്ക്കാൻ വ്യഗ്രതപ്പെടുന്ന വൈദികർ. തിരുത്തിയില്ലെങ്കിൽ തകർന്നടിയുന്ന അവസ്ഥയിലാണ് സഭ എന്നും നാം തിരിച്ചറിയുക.

***ഡോ. എം. പി. മത്തായി***

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426